പുസ്തകം I.
ലക്കം. 9.

DECEMBER 1936

വില 2ണ.

സന്തോഷം



സാഹിത്യനായകൻ: പാറപ്പുറത്ത് സഞ്ജയൻ.

ഉ ള്ള ട ക്ക ം .

വിഷയം.		വശം.
1.	പുഴവക്കിൽ. (പദ്യം)—പി. എസ്സ്.	257
2.	വൃത്താന്തരഹസ്യം.	258
3.	"ധർമ്മസംസ്ഥാപനാർത്ഥായ—" (ചിത്രം)—അച്യുത്.	259
4.	മഹാജനം പോംവഴി.	260
5.	അവളുടെ നോട്ടം.	261
6.	കൊറിയെപ്പററി. (പദ്യം.)	263
7.	കർമ്മസ്ഫാരം. (ഒരു കൃഷികഥ.)	263
8.	ജാംബവാനല്ല, ഹനുമാൻ! (ചിത്രം)—അച്യുത്.	267
9.	"എന്റെ ഗുരുനാഥ"നല്ല!(പദ്യം—അനുകരണം.)—മാധവജി എൻറ് സഞ്ജയജി.	268
10.	സമസ്യാപൂരണങ്ങൾ.	271
11.	ഞങ്ങൾക്കു തോന്നുന്നത് ഇടയിൽനടയപ്പെട്ട പ്രസംഗം.	273
12.	സഞ്ജയന്റെ എഴുത്തുപെട്ടി.	275
13.	ഭൂതമോ? ഭാവിയോ? (ചിത്രം)—അച്യുത്.	276
14.	പ്രസംഗവ്യാധി.	277
15.	ഇളമയുടെ അരിശം.	277
16.	പൂജ്യനും, മകനും, കഴുതയും. (ചിത്രം.) എൻ. എം.	279
17.	ഓട്ടക്കലാഷ്ടകം (പദ്യം)—ഇരാവാൻ.	280
18.	മി: പാലാട്ടിന്ന് പ്രത്യക്ഷപത്രം—ഒരു വോട്ടർ.	280
19.	വിപ്ലവാഹ്വാനം. (പദ്യം)—ശംഖനാദൻ.	282
20.	അപ്രതിഹതം! (ചിത്രം)—അച്യുത്.	283
21.	ബകായനം. (അനുബന്ധം)	284

അറിയിപ്പ്.

'സഞ്ജയൻ' മാസികയിൽ പ്രസിദ്ധീകരിയ്ക്കപ്പെടുന്ന എല്ലാ പദ്യങ്ങളുടെയും, ഉപന്യാസങ്ങളുടെയും, ചിത്രങ്ങളുടെയും പകർപ്പവകാശം മാസികയുടെ ഉടമസ്ഥനായ പ്രസാധകനുള്ളതാണെന്നും, അനുമതിയോടുകൂടിയല്ലാതെ അവയെ അന്യത്ര പകർത്തുവാൻ പാടില്ലെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

പുഴവക്കിൽ.

(നതോന്നത.)

മറെറാന്നും ഞാൻ കാണ്മതില്ല, കേൾപ്പതില്ല, മനസ്സയ്യോ
ചെറെറാച്ചു നിൽക്കുന്നീല മറെറാരേടത്തും.
പളുങ്കൊളി ചിന്നിപ്പായുമൊരു ചെറുപുഴവക്കി-
ലൊളിച്ചു ഞാനെന്നെപ്പോലും മറന്നു നിൽപ്പൂ!

പലജോലിത്തിരക്കുകൾ പലവഴി കടന്നോടുന്ന-
പ്പലവുരു വലിയ്ക്കുന്ന പലേ മട്ടിലായ്;
ഫലമില്ലെൻ മരണങ്ങളിളകുന്നീ,ലെൻ ചിന്തക-
ളലിഞ്ഞെങ്ങോ മറഞ്ഞുപോയിത്തെളിനീരിൽ.

ചെറുതിരച്ചില്ലികളാൽ, കരിമീൻകണ്ണിളക്കത്താൽ,
പരിശുദ്ധഹേമന്തഹാസവിലാസവാസ്യാൽ,
കരുതാതെ നീ വീശിയൊരൊളിവലക്കുടുക്കിലെൻ
കരളടിപെട്ടാലുണ്ടോ ധർമ്മവൈരുദ്ധ്യം?

കർമ്മമേതോ? ചെയ്യുതാരോ? ധർമ്മമെങ്ങോ?—കാണുവതെ-
ന്തെന്നുമിസ്സൌന്ദര്യത്തിലാണ്ടുനിൽക്കവേ!

വരതരംഗിണി, നിന്നിലിറങ്ങുവാനായോഗ്യൻ ഞാൻ;
പിരിയുവാനശക്തൻ ഞാൻ: (What a pity, Sir!)

കരയിൽ ഞാൻ നിൽപൂണ്ടെന്നു നിനയാതെ, വഴിതെറ്റി-
ത്തിരിയാതെ, മുന്നോട്ടു നീ പോവുകോമലേ!

ഈ മനോജ്ഞസപ്പുത്തിലെൻ മനമൊരു മാത്രനേരം
സീമയറെറാരാനന്ദത്തിൽക്കുളിച്ചിടട്ടെ:
അതിലേറെച്ചോദിപ്പതി, ല്ലതിലേറെക്കാമിപ്പതി-
ല്ലതീതകാലാദിഹതൻ ഭവൽകാമുകൻ!

പി. എസ്സ്.

പരീക്ഷാസപ്പുര പനീർച്ചെടിക്കെടോ
ചിരിയേ പൂപ്പും; ശകാരം മുള്ളുതാൻ!

വൃത്താന്തരഹസ്യം.

ഇക്കഴിഞ്ഞ സാഹിത്യപരിഷത്സമ്മേളനത്തിൽ മലബാറിൽനിന്നു് അരഡസൻ സന്ദർശകന്മാർ മാത്രമെ ഉണ്ടായിരുന്നുള്ളുവെന്നു് ഒരു തിരുവിതാംകൂർ പത്രം അല്പം ആക്ഷേപസ്വരത്തിൽ പ്രസ്താവിക്കുന്നു.

കഴിഞ്ഞകൊല്ലം തലശ്ശേരിയിൽ സമ്മേളിച്ച പരിഷദ്യോഗത്തിൽ തിരുവിതാംകൂറിൽനിന്നു് ആയിരക്കണക്കായി എത്തിച്ചേർന്ന സന്ദർശകന്മാർ നിമിത്തം യോഗം കടൽപുറത്തു്വെച്ചു് കൂടേണ്ടതായി വന്നു എന്നു കേട്ടിട്ടുണ്ടു്!

* * * * *

"ഞാൻ ജാംബവാനല്ല, ഹനുമാനാണു്: നിങ്ങളെയൊക്കെ വാലിന്മേൽ കെട്ടി എറിഞ്ഞുകളയും" എന്നു് കോഴിക്കോട്ടു് നഗരത്തിലെ വോട്ടർമാരുടെ മുമ്പാകെ മി: മഞ്ചേരി രാമയ്യർ ഈയെടെ ചെയ്ത ഒരു പ്രസംഗത്തിൽ പറയുകയുണ്ടായി.

അല്ലുണ്ണേ, തിരഞ്ഞെടുപ്പിന്നുമുമ്പു് ഈ വക നടത്തിയാൽ പിന്നെ വോട്ടുചെയ്യാൻ ആരാണു് ബാക്കിയുണ്ടായിരിക്കുക? മി: ഹനുമാൻമാത്രമോ?

* * * * *

'ഹിന്ദുധർമ്മസ്ഥാപന'ത്തെ സഞ്ജയൻ 'തേങ്ങാപ്പിണ്ണാക്കുസ്ഥാപന'മെന്നു് വിളിച്ചതിനെപ്പറ്റി ഒരു എണ്ണോമെണ്ടുദ്യോഗസ്ഥൻ ക്ഷോഭിച്ചിളകിപോലും.

ശരിയാണു്: തേങ്ങാപ്പിണ്ണാക്കിനെ അങ്ങിനെ അവമാനിക്കേണ്ടിയിരുന്നില്ല. അതു മനുഷ്യർക്കുപകാരമുള്ള പ്രാണിയായ പശുവിന്റെ വയറ്റിലേ നിറയ്ക്കുന്നതു്?

* * * * *

"യമന്റെ നേരെ ഇറാലിയുടെ നോട്ടം" എന്നു് ഒരു പത്രത്തിൽ ഒരു തലക്കുറിപ്പു കാണുന്നു.

ഇതു് ഇറാലിയുടെ നേരെയുള്ള യമന്റെ നോട്ടത്തേക്കാളും ഭീകരമായിരിക്കുമെന്നു് ഞങ്ങൾ കരുതുന്നില്ല.

* * * * *

"ജസ്റ്റീസ്കക്ഷി നേതാവായ മി. ആർ. എം. പാലാട്ടു് ആ സംഗതി മൂടിവെച്ചിട്ടാണു് തിരഞ്ഞെടുപ്പു പ്രചാരവേല നടത്തുന്നതു്" എന്നു് ഒരു ദിനപത്രത്തിന്റെ സ്വന്തം ലേഖകൻ എഴുതിയിരിക്കുന്നു.

അങ്ങിനെയാണെങ്കിൽ അതിനെ 'പ്രചാരവേല'യെന്നു് വിളിക്കണോ? വെറും 'ചാരവേല' എന്നു പോരെ?

* * * * *

വരുന്ന തിരഞ്ഞെടുപ്പിൽ ഡിസ്ട്രിക്ട്ബോർഡ് അധ്യാപകന്മാരോ, മേപ്പടി അധ്യാപകന്മാരുടെ ബന്ധുക്കളോ, യാതൊരു സ്ഥാനാർത്ഥിയേയും സഹായിച്ചുപോകരുതെന്നു് ഡി. ബോ. പ്രസിഡെണ്ടു്, ഒരു ഗവമേണ്ടുകല്പനപ്രകാരം അറിഞ്ഞാപിച്ചതായും അതേപത്രം പ്രസ്താവിക്കുന്നു.

ജന്മിസ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പിന്നും ഈ കല്പന ബാധകമാണെന്നു് അദ്ധ്യാപകന്മാരും അവരുടെ ബന്ധുക്കളും അറിയുമായിരിക്കും.

* * * * *

സൈക്കിളുകാരുടെ ആളുകാരും വഴിമാറിക്കൊടുക്കാത്തതിനെപ്പറ്റി 'ഒരു സൈക്കിൾ സഞ്ചാരി' പത്രപങ്ക്തികളിൽ ആവലാതിപ്പെട്ടുകാണുന്നു.

കുട്ടിമുട്ടലുണ്ടായാൽ കാൽനടക്കാരൻ ഉടനെ സിദ്ധികൂടുന്ന വിധത്തിൽ വല്ലതുമൊരായുധം സൈക്കിളുകളുടെ മുൻചക്രത്തിന്മേൽ ഘടിപ്പിക്കുന്നതായാൽ ഈ ബഹുമാനക്കുറവിന്നു് ഒരു കുറവുണ്ടാകുമെന്നാണു് ഞങ്ങളുടെ വിശ്വാസം.



"ധർമ്മസംസ്ഥാപനാർത്ഥായ—"

പൊന്നുതമ്പുരാൻ: (ജാതിപ്പിശാചോട്) കടക്ക്, കഴുതേ, പുറത്ത്!

മഹാജനം പോംവഴി.

"മഹാജനം പോംവഴി" തന്നെ മാർഗം: അതിന്നു സംശയമില്ല. മി: മഞ്ചേരി രാമയ്യർ മഹാജനമാണ്; അദ്ദേഹം (മഹാ) ജനകീയകക്ഷി (People's Party) യുടെ ആഭിമുഖ്യത്തിൽ അട്ടത്തുവരുന്ന നി. നി. സഭാ തിരഞ്ഞെടുപ്പിൽ ഒരു സ്ഥാനാർത്ഥിയായി നിന്നിട്ടുണ്ട്. നി. നി. സഭാംഗമായിരിക്കുവാനുള്ള അദ്ദേഹത്തിന്റെ അർഹതയെ തെളിയിക്കുന്ന ഒരു ലഘുലേഖ ഈയെടെ പി. എസ്സി.ന്റെ കയ്യിലെത്തിച്ചേർന്നിരിക്കുന്നു.

അത്ഭുതാവഹമല്ലെങ്കിലും രസകരമായ ഒരു രിക്കാട്ടാണത്. ജനനം മുതലിതുവരെയുള്ള മി: രാമയ്യരുടെ പരാക്രമങ്ങളുടെ ഒരു രത്നച്ചുരുക്കം അതിലുണ്ട്. "ഇന്ന ആളെ ഇന്നാർ" എന്ന മഹാഗ്രന്ഥത്തിൽനിന്ന് പകർത്തിയതാണത്രെ ആ വിവരണം. അതിൽ മി: രാമയ്യർ പഠിക്കുന്ന കാലത്ത് ഒരു ഗോൾഡ് മെഡൽ സമ്പാദിച്ച വസ്തുതയും, അദ്ദേഹം ട്യൂട്ടറായിരുന്ന ചരിത്രവും, ഇംഗ്ലാണ്ടിലേക്ക് പോകുന്ന വഴിയിൽ അദ്ദേഹത്തെ ജിബ്രാൽട്ടർ പാറപ്പുറത്ത് ഇറക്കിവിട്ട വിവരവും, അദ്ദേഹം ഡോക്ടർ ആനിബെസന്റിന്റെ ഭാഗത്തു പ്രതിവക്കീലായി ഹാജരായി വാദിച്ച കഥയും, മാപ്പിളലഹളക്കാലത്ത് മൂന്നു സായ്പന്മാരുടെ കൂടെ താമസിച്ച് പട്ടാളക്കാർ വരുന്നതുവരെ അവരെ കൊല്ലിക്കാതെ കാത്ത പരാക്രമവും മറവും, അച്ചടിപ്പിഴകളാൽ നിറഞ്ഞതെങ്കിലും, ഋജുവും സംക്ഷിപ്തവുമായ രീതിയിൽ വർണ്ണിച്ചുകണ്ടു.

പാറപ്പുറത്തു സഞ്ജയൻ തിരഞ്ഞെടുപ്പിനു നിൽക്കുവാൻ ഭാവമുണ്ടെങ്കിൽ ഇങ്ങിനെയൊരു ലഘുലേഖ മേപ്പടിയാനുവേണ്ടിയും പ്രസിദ്ധപ്പെടുത്തുവാൻ ഞാൻ ആലോചിക്കുന്നു. പി. എസ്സിന്റെ പൂർവചരിത്രം മി: രാമയ്യരുടേതുപോലെ ശോഭനമല്ല; ജീവിതത്തിലെ എല്ലാ സംഭവങ്ങളും അത്രതന്നെ 'ക്രെഡിറ്റബിളു'മല്ല. പക്ഷെ, എല്ലാവരും സത്യം പറയണമെന്നല്ലേ നമ്മുടെ ബഹുമാനപ്പെട്ട ഇന്ത്യാവൈസ്രോയി തന്നെ ആജ്ഞാപിച്ചിരിക്കുന്നത്? പി. എസ്സിനെ സംബന്ധിച്ചേടത്തോളമുള്ള സത്യകഥനം കൊണ്ട് വരുന്ന ആപത്തു വരട്ടെ എന്നാണ് എന്റെ ഉറപ്പ്. എല്ലാ വിവരങ്ങളും അറിഞ്ഞതിനുശേഷം വോട്ടർമാർ മനം മടുത്ത് വോട്ടു ചെയ്യാതിരിക്കുവാനാണ് തീച്ചപ്പെടുത്തുന്നതെങ്കിൽ, പോട്ടെ, നമുക്ക് തിരഞ്ഞെടുപ്പ് കിട്ടിയില്ലെങ്കിലും വേണ്ടെന്നു ഞാനും തീച്ചപ്പെടുത്തുന്നു. ലഘുലേഖയുടെ പകർപ്പ് താഴെ ചേർക്കുന്നു:—

ഇന്ന ആളെ ഇന്നാർ? എന്ന ഗ്രന്ഥത്തിൽ കാണാത്തത്.

1. മി: സഞ്ജയൻ ഇരുപതാം വയസ്സിൽ മൂന്നര വയസ്സുള്ളപ്പോൾ വലിയ ഒച്ചപ്പാടോടുകൂടി ഭൂജാതനായി.

2. മലകേറിയിൽ മുറവട്ടത്തുമുള്ള സകല കുട്ടികളെയും നിഷ്പ്രയാസം തോല്പിച്ചു.

3. നിലത്തെഴുത്തു പഠിക്കുന്നതിൽ കാണിച്ച ഭയങ്കരമടി ഹേതുവായി നന്നെച്ചെറുപ്പത്തിൽത്തന്നെ ലാത്തിചാർജ് അനുഭവിച്ചുവെങ്കിലും, ആദ്യനിഷ്ഫയോടുകൂടി മടി വിടാതെ പിടിച്ചു.

4. എല്ലാ ക്ലാസിലും മുമ്മൂന്നുകൊല്ലം (കല്പിച്ചുകൂട്ടി) തേറ്റം, പഠിച്ച പാഠങ്ങളെ ദൃഢപ്പെടുത്തുകയും, ലോകപരിചയം വർദ്ധിപ്പിക്കുകയും ചെയ്തു.

5. ടിക്കറ്റു വാങ്ങാതെ ഒരിക്കൽ വണ്ടിയിൽ പാഞ്ഞുകയറിയതിനാൽ ഒരു ടിക്കറ്റ് എക്സാമിനർ ഇരിങ്ങൽപ്പാറയുടെ അടുത്ത സ്റ്റേഷനിൽ ഇറക്കിവിട്ടു.

6. മാപ്പിളലഹളക്കാലത്ത് ഉത്തരകേരളത്തിലും കൊച്ചിയിലും ലഹള പരക്കാതിരിക്കുവാനായി വേണ്ടുന്ന മുൻകരുതലുകൾ ചെയ്തു.

7. മിസ്സിസ് ബെസന്റിനെ നീലഗിരിയിൽ താമസിക്കുവാൻ ഗവർമ്മെണ്ട് നിർബന്ധിച്ചപ്പോൾ, അവിടത്തെ ശീതോഷ്ണസ്ഥിതി അവർക്ക് വളരെ പിടിച്ചിട്ടുണ്ടെന്നു അവർതന്നെ പലവുരു പറഞ്ഞുവെങ്കിലും. കൂട്ടാക്കാതെ, അവർ വീണ്ടും സമരഭൂമിയിലിറങ്ങിവരാൻ രാപ്പകൽ പ്രാർത്ഥിച്ചു.

8. തിരുവിതാംകൂർ സർക്കാരിന്റെ ക്ഷേത്രപ്രവേശനവിളംബരത്തെപ്പറ്റി അറിഞ്ഞ ഉടനെ സന്തോഷംകൊണ്ട് ഇടവും വലവും നോക്കാതെ മുന്നോട്ട് പായുകയാൽ പടിതടഞ്ഞു വീണ് കാലിന്റെ മുട്ട പൊട്ടി.

9. സഞ്ജയന്റെ പേനാ താഴെ വെപ്പിക്കുന്നവന്ന് ആ നിമിഷത്തിൽ അമ്പതിനായിരം ഉറുപ്പിക എണ്ണിക്കൊടുക്കാമെന്നു ഒരു വങ്കശിരോമണി പറഞ്ഞതായി അറിഞ്ഞിട്ടുകൂടി, അതു് അറിയാത്ത ഭാവത്തിൽ നടന്നു.

10. കോഴിക്കോട്ട മുനിസിപ്പാലിറ്റിയിൽ ജീവിച്ചവരുന്നു!!!

11. ഒരു ഡി. ബോ. പാലത്തിന്മേൽകൂടി കുലുങ്ങാതെ നടന്നു.

12. മുനിസിപ്പൽ കമ്മീഷണർ ഒരു തവണ മുഖത്തു നോക്കിയപ്പോൾ ലജ്ജയോ ഭയമോ പ്രദർശിപ്പിക്കാതെ അങ്ങോട്ടും നോക്കി.

എനിയും വളരെയുണ്ട്. പക്ഷെ അതൊക്കെ എഴുതുവാൻ സ്ഥലമുരുക്കം അനുവദിക്കുന്നില്ല.

അവളുടെ നോട്ടം.

അവളുടെ നോട്ടത്തിന്റെ വിലയെ തിട്ടപ്പെടുത്തിയവർ ആരുള്ളൂ?...ആരുമില്ല. മഹാകവികളുടെ അതിശയോക്തിക്കുടി അതിന്റെ മുമ്പാകെ നമസ്കരിക്കുകയേ ചെയ്തിട്ടുള്ളൂ. മശലനമറിയത്തിന്റെ യോട്ടത്തിന്ന് നിലവാരം കല്പിക്കുവാൻ മഹാകവി വള്ളത്തോളും ശ്രമിക്കാതിരുന്നിട്ടില്ല. പക്ഷെ ചുരുങ്ങിയനിലയിൽ ഒരു ബ്യൂട്ടിച്ചാണ് തനിക്ക് അക്കാര്യത്തിൽ പറ്റിയതെന്ന് മഹാകവി തുറന്നു സമ്മതിക്കുകയാണ് ചെയ്തത്:

"മയ്യൽമുനയാലുള്ളോരോനോട്ടം
ന്യൂനാനൂനിസ്സീലാഖ്യരത്നത്തിലു-
മേറേ വിലപ്പെട്ടതായിരുന്നു!"

നിങ്ങൾ കണ്ടുവോ? "ന്യൂനാനൂനിസ്സീലാഖ്യരത്ന"ത്തെക്കാൾ വിലപ്പെട്ടതാണെന്നു പറഞ്ഞാൽ, എത്ര വലിയ നോട്ടക്കാരനായാലും, ക. ണാ. പ. യിൽ അതിന്റെ ഒരു ഏകദേശക്കണക്കെങ്കിലും തിട്ടപ്പെടുത്തുവാൻ ആക്കെങ്കിലും ആവുമെന്ന് ഞാൻ കരുതുന്നില്ല.

പുരാണകാലങ്ങളിൽ അവളുടെ നോട്ടത്തിനു ഇലക്ടിസിറ്റിയെക്കാൾ കവിഞ്ഞ ശക്തിയുണ്ടായിരുന്നുവെന്നാണ് കേട്ടിട്ടുള്ളത്. തന്നോട് ഗ്ലൂമാൽ കളിക്കുവാൻ പുറപ്പെട്ട മി: കാട്ടാളനെ മിസ്സിസ് എൻ. ദമയന്തിയംബാൾ ഒരൊറ്റ നോട്ടംകൊണ്ട്, തിക്കുഴിയിലേക്കെറിഞ്ഞ ഉണക്കീക്കിൽപോലെ, കരിച്ചു ചാമ്പലാക്കിയ കഥ ഞാനിവിടെ ആവർത്തിക്കേണ്ടല്ലോ. അത്തരത്തിലുള്ള ആയിരം നോട്ടക്കാരികളും ഇന്നുണ്ടായിരുന്നുവെങ്കിൽ, ഹിറ്റ്ലറല്ല, മുസ്സോളിനിയല്ല, അവരെക്കാൾ കൊലകൊമ്പന്മാർ വന്നാൽകൂടി നമ്മളെ ഒരു പുല്ലും ചെയ്യാൻ കഴിയുകയില്ല. മേപ്പടി നോട്ടക്കാരികളെ വെളുത്ത കൊടിയുംകൊണ്ട് ശത്രുക്കളുടെ ക്യാമ്പുകളിലേക്ക് അയക്കുകയേ വേണ്ടൂ. കാമാന്ധരായ ഭടന്മാർ ഈ അപകടക്കാരികളുടെ കൈ കടന്നു പിടിക്കുവാൻ ശ്രമിക്കും. ഒരൊറ്റ നോട്ടം: കിശ്, പിശ്, ക്ലോസ്! തീന്നു. ബോമ്പും വേണ്ട, മെഷീൻ തോക്കും വേണ്ട, ടാങ്കും വേണ്ട. പക്ഷെ ആ ഇലക്ടിസിറ്റിയുണ്ടോന്നു പരീക്ഷിക്കുന്നതിന്നല്ലേ, ചെറുശ്ശേരി, ഇന്നാട്ടിൽ മുട്ട്! "ഞങ്ങൾ ദമയന്തികളല്ല; സമ്മതിച്ചു! പക്ഷെ നിങ്ങളുടെ ഇടയിൽ നളന്മാർ എത്രയുണ്ട് പോലും?" എന്ന് അവർ ചോദിക്കും. അതും ശരിതന്നെ. വളരെ, വളരെശ്ശരി. നമ്മൾക്ക് അവരെ കുറ്റപ്പെടുത്തുവാനധികാരമില്ല. കേട്ടോ, ശുദ്ധാത്മാവേ?

പക്ഷെ ദേഹത്തെ ചൂട്ട വെണ്ണീറാക്കുവാനുള്ള 'ടെംപറെച്ചർ' ഇല്ലെങ്കിലും, മനസ്സിനെ കുറവന്റെ കയ്യിലുള്ള കുരങ്ങിനെപ്പോലെ കളിപ്പിക്കുവാനോ, പീച്ചാത്തികൊണ്ട് കുത്തോലയെ എന്നപോലെ അങ്ങോളമിങ്ങോളം ചീന്തുവാനോ, കാഞ്ഞ കലത്തിൽ വീണ നെന്മണിപോലെ എരിപൊരിസഞ്ചാരം കൊള്ളിക്കുവാനോ അവളുടെ നോട്ടത്തിന്നു് അന്നുണ്ടായിരുന്ന കെല്പ് ഇന്നുമുണ്ട്; മനുഷ്യവർഗം പരിണാമസോപാനത്തിന്റെ മേലെപ്പടവിലെത്തിയെന്ന് പ്രകൃതിക്ക് ബോധ്യപ്പെട്ട്, സന്തത്യുല്പാദനം എനി അത്ര ആവശ്യമില്ലെന്ന് അവൾ തീച്ചപ്പെടുത്തുന്നതുവരെ, ആ കെല്പ് നിലനിൽക്കുകയും ചെയ്യും. "കണ്ണിണകൊണ്ടു കടുകു വറുക്കുന്ന പെണ്ണിനെക്കണ്ടോ"ടങ്ങാത്ത പൂരുഷന്മാരുടെ കാമേഷുമാരി കുഞ്ചമ്മാമന്റെ കാലത്തെക്കാൾ ഇക്കാലത്ത് ഒന്നെങ്കിലും ചുരുങ്ങിക്കാണുമെന്ന് ഞാൻ വിചാരിക്കുന്നില്ല.

അക്കാലത്തിനുശേഷം എന്തെല്ലാം കഴിഞ്ഞു! നാട്ടിന്റെ ഭരണാധികാരം എത്ര കൈമാറി! എന്തെല്ലാം കണ്ടുപിടുത്തങ്ങളുണ്ടായി! എത്ര മഹായുദ്ധം നടന്നു! എത്ര പുതിയ രാഷ്ട്രീയസിദ്ധാന്തങ്ങളും, പ്രസ്ഥാനഭേദങ്ങളും അവതരിച്ചു! പക്ഷെ അവളുടെ നോട്ടത്തിന്റെ വിലഅങ്ങിനെതന്നെ നില്ക്കുന്നു!

"തേടിക്കയറ്റു പടയിൽ പലർക്കുടിവന്നാൽ
കൊള്ളാ"ക്കുസാത്ത പാലാട്ട കോമനെക്കൊണ്ട്,
"പുല്ലാണെനിക്കു പടയാളികളം, നിൻ
കടക്കൺ–
തല്ലാണ്, തേന്മൊഴി, തടുത്തിടുവാൻ
ഞെരുക്കം!"

എന്ന് 'ശതകംമൊല്ലി'ച്ച നോട്ടം അവളുടെ കണ്ണുകളിൽ ഇപ്പോഴുമുണ്ട്.

പരശുരാമന്റെ വെണ്മഴുവോറ് ശ്രീ: ഗണപതിവാധ്യാരുടെ കൊമ്പൊന്ന് തെറിച്ചുപോയ ഘട്ടത്തിൽ,

".....മഹാദേവിയിടുത്തു കൈയാ–
ലഴിഞ്ഞവാർപൂകുഴലൊന്നാഞ്ഞുകി

ജ്വലിച്ച കൺകൊണ്ടൊരു നോക്കുനോക്കി" യപ്പോഴും, ഒരൊറ്റ നോട്ടത്താൽ കാമനെക്കാച്ചിയ തമ്പുരാൻകൂടി ഒന്നരണ്ടുപോയെന്ന് മഹാകവി വള്ളത്തോൾ അന്യത്ര പറയുന്നു. അശ്ശ്വമില്ല; യാതൊരാശ്ശ്വവുമില്ല!

മശലനാമറിയത്തിന്റെ "ധീരസഹസ്രത്തെ ലീലയാ കേഴിച്ച നീരജലർക്കണ്ണിണ"കളേയും മറക്കാൻ വയ്യ. മുഗ്ധയുടെ പ്രായത്തിൽപ്പോലും, അവളുടെ നോട്ടത്തിന്റെ മൂച്ച് സഹിക്കാൻ വയ്യെന്നാണ് ശ്രീ: ജി. ശങ്കരക്കുറുപ്പുവർകളും പറയുന്നത്.

"കോപന കൺമുനയ്ക്കുരുമ്പു കൂട്ടിച്ചു
'ചാപലം, ചാപല!'—മെന്നാളപ്പോഴം"

[പറയുന്നതിനിടയ്ക്ക്, വിപ്ലവക്കാരുടെ അസംബന്ധപ്രലപനം കേട്ട് അദ്ദേഹം വലിച്ചെറിഞ്ഞതും, ഒരു കാലത്ത്, 'മുഗ്ധാനുരാഗം' ജനിപ്പിച്ചതുമായ ആ തൂലിക വീണ്ടുമെടുക്കുവാൻ ഞാൻ ശ്രീ: ജി. ശങ്കരക്കുറുപ്പുവർകളോട് സപ്രണാമം അപേക്ഷിച്ചുകൊള്ളുന്നു. കുറുപ്പുവർകളേ, അങ്ങയുടെ കവിതാകാമിനി ആ പുറാട്ടുകളിയിൽ പങ്കുകൊള്ളേണ്ടവളല്ല; ഈശ്വരനാണെ, അല്ല!]

മുറിക്കുവാൻ മാത്രമല്ല, മുറിയിൽ സ്നേഹസേചനം ചെയ്ത് അതിനെ, പാട്ടുകൂടി കാണാത്ത വിധത്തിൽ, സുഖപ്പെടുത്തുവാനും അവളുടെ നോട്ടത്തിന്ന് ശക്തിയുണ്ട്. തലയിലെഴുത്ത് മാറുവാൻപോലും അതിന്നസാധിക്കുമത്രെ. പശ്യ:

"ആളുമാരറിയാതെ ലീലയാ കൂടുള്ളുടെ
നീളമേറുമീനീലത്തുമൈക്കൺമുനയാലേ
നാതിദൂരഗനാകുമെന്നുടെ പാഴ്നെറിമേ—
ലേതാനും ശുഭാക്ഷരമെഴുതിക്കൊണ്ടു
നിൽക്കേ—"

അൻരാഗരോഗബാധ മൂർധന്യാവസ്ഥയിലെത്തിയ ചില ഹതഭാഗ്യന്മാർ, "സ്നേഹത്തോടുകൂടിയതല്ലെങ്കിൽ, രോഷത്തോടുകൂടിയതായാലും, ആ നോട്ടമൊന്നേറ്റാൽ മതി!" എന്നപേക്ഷിക്കുന്നതാണ്, എന്റെ അഭിപ്രായത്തിൽ, അവളുടെ നോട്ടത്തിന്ന് നൽകപ്പെട്ടിരിക്കുന്ന ഏറ്റവും കവിഞ്ഞ സ്തുതി. കൈകൊണ്ടുള്ള സപ്രേമമായ തലോടൽ വഴിക്കല്ലെങ്കിൽ, കാൽകൊണ്ടുള്ള സരോഷമായ ചവിട്ടുവഴിക്കെങ്കിലും സ്പർശനമുദ്ദേശിച്ചാൽ മതിയെന്നുള്ള അപേക്ഷ മേപ്പടി സ്പർശത്തിന്റെ വിലയെ എത്രമേൽ ഗണനാതീതമാക്കുന്നുവെന്ന് ഞാൻ പറയേണ്ടതില്ലല്ലോ. ഉദാഹരണം നോക്കുവിൻ:

"ദ്രുതമരിശമിയന്നു, ഹന്ത! ചെന്താ—
രിതളൊളി തങ്കുമപാംഗമെങ്കിലും നീ
സതനു, ചെറുതിവൻെറ ക്കേനയച്ചാൽ
കൃതസുകൃതക്കു കിരീടരത്നമായ് ഞാൻ."

പോരെ? ഇതിലധികം അതിന്റെ ശക്തിയെ വർണ്ണിയ്ക്കണോ?

ഭരതവാക്യമായി, വേണമെങ്കിൽ, വശ്യവാക്കായ ഒടുവിലിന്റെ ഒരു സരസശ്ലോകംകൂടി ഒടുവിൽ ചേർത്ത് ഈ അധികപ്രസംഗം അവസാനിപ്പിച്ചേക്കാം:

'പാരീരേഴിന്നധിപതികളാം
പങ്കജാക്ഷൻ, വിധാതാ,
ഗൌരീനാഥൻ, സുരപതി മുത-
ല്ലുള്ള ദേവൌഘമെല്ലാം
നാരീചഞ്ചൽകടമിഴികളിൽ—
പ്പെട്ട കഷ്ടപ്പെടുന്നു—
ണ്ടോരീലോകത്രയമതിലതിൻ
കീഴടങ്ങാതെയുള്ളൂ?"

ആരുമില്ല, സർ! നോ വൺ!

വറീത് മാപ്പിള മരിക്കുമ്പോഴും പുകടേശം അറുപതിനായിരം രൂപയുടെ സ്വത്ത് അദ്ദേഹത്തിന്റെ സ്വന്തം വകയായുണ്ടായിരുന്നു. കിഴവൻ ഒസ്യത്തൊന്നും എഴുതിയതുമില്ല. വറീത് മാപ്പിളയുടെ മരണശേഷം മുതലിന്റെ അവകാശികളായ അദ്ദേഹത്തിന്റെ രണ്ടു പുത്രന്മാർ—ഈപ്പനും ലോനപ്പനും—തമ്മിൽ വാസ്തവത്തുപ്പാറി തർക്കമായി. കോടതികയറി മുതൽ മുഴുവൻ വക്കീലന്മാരുടെ കീശയിലാക്കാതിരിപ്പാൻ വേണ്ടി ഇരുവരും കൂടിച്ചെന്ന് വൃദ്ധനും, മഹാസമർത്ഥനുമായ ചാക്കോച്ചനെ ശരണം പ്രാപിച്ചു. ദീർഘമായ ആലോചനക്കുശേഷം ചാക്കോച്ചൻ പറഞ്ഞു:

"ഈപ്പൻ മൂത്തവനല്ലേ? അയാളുടെ ഇഷ്ടം പോലെ സ്വത്ത് രണ്ടായി ഭാഗിക്കട്ടെ."

ഇതു കേട്ടപ്പോൾ ഈപ്പന്റെ മുഖം തെളിഞ്ഞു; ലോനപ്പന്റെ മുഖം കറുത്തു. ചാക്കോച്ചൻ തുടർന്നു പറഞ്ഞു.

"പക്ഷെ, ആ രണ്ടു ഭാഗത്തിൽ ഇഷ്ടമുള്ള ഭാഗം എടുക്കുവാൻ ലോനപ്പന് അധികാരം കൊടുക്കുകയും വേണം."

വളരെ, വളരെ കൃത്യമായി വറീത് മാപ്പിളയുടെ സ്വത്ത് ഭാഗിക്കപ്പെട്ടു!

കൊററിയെപ്പററി

ഒരു മഹാമിസ്റ്റിക്ക് കവിത.

['ഓമനക്കുട്ടൻ'—മട്ട്]

ആക്കുമക്കര കാണ്മാനാവാത്ത
നീക്കയത്തിന്റെ വക്കിലായ്
കൊററിയാം പക്ഷിയൊററക്കാലിന്മേൽ
കൂററിപോൽ നോറനിൽക്കുന്നു.
വല്ലതും മീനോ, ഞണ്ടോ, ഞാഞ്ഞൂലോ,
ചില്ലറയായ ഭേകനോ,
ചാരത്തെത്തിയാൽ കൊത്തിശ്ശാപ്പിട്ട-
മാരും കാണാതീത്താപസൻ.

കൊററി!
ഓ, കൊററി!
ഒന്നണ്ണാ നീ കേഠംക്കേണം കൊ ററി,
നിന്നപദാനകാവ്യത്തെ:
നീയല്ലോ സിദ്ധൻ! നീയല്ലോ സ്ഥാണു!
നീയല്ലോ നിത്യനിശ്ചലൻ!
ബ്രഹ്മം നിന്നെപ്പോലേതാണ്ടാണെന്നു്
ബ്രഹ്മവിദ്യക്കാർ പൊല്ലുന്നു.
(ബ്രഹ്മം ഞണ്ടിനെത്തിന്നുമാറില്ലെ-
ന്നെങ്കാതമത്രേ വ്യത്യാസം!)

കൊററി!
ഏയ്, കൊററി!
'ഉൗർപ്പിഴശ്ശി'യെന്നത്തരടിക്കിൽ
നേർപ്പിഴയില്ലാക്കാവിങ്കൽ
'തെയ്യം'കെട്ടിയാലൊററക്കാലിന്മേൽ —
നീയറിയില്ലേ?—നിൽക്കും പോൽ!
ആയതെന്തിന്നെന്നീമിന്നാട്ടോള-
മീയിവനേതുമായില്ല.
നീയുമപ്പോലെ നിൽപ്പതു കാൺമൂ
നീക്കയത്തിന്റെ വക്കിലായ്.

കൊററി!
ഹേ, കൊററി!
അല്ലേ, കൊററി, ഞാ'നോമനക്കുട്ടൻ'-
പൊല്ലേറം മട്ടിൽ നിൻനാമം
കീർത്തിച്ചീടവേ, നിദ്രചെയ്യുവാൻ
മാത്രം ഗംഭീരമണ്ഡത്തം
ചേർന്നുള്ളനിന്നെക്കാലേ കണ്ടെന്നാ-
ലന്നണ്ടോ, കൊററി, യാഹാരം?
നിന്നെക്കാളം ഭേദം മൂളം ക്രമനാ-
ണെന്നെനിക്കൊരു വിശ്വാസം!

കർമൂസ് ഹാരം.

കർഷകപ്രതിജ്ഞയിൽ പറയാത്ത ഒരു കൃഷികഥ.

ഏകദേശം ഒരു പന്ത്രണ്ടുകൊല്ലം മുമ്പായിരിക്കണം. വാദ്ധക്യം ഇപ്പോഴുള്ളതുതന്നെ ബാധിച്ചിട്ടില്ല. ആ കാലത്താണല്ലോ ആഹാരംകൊണ്ട് മരണക്കളി കളിക്കുവാൻ ആളുപങ്ക് വാസനതുടങ്ങുക! ഞാൻ ഒരു വത്തമാനക്കടലാസ്സിൽ—എന്തോ ഒരു 'ധൂമി'കയോ 'കോരിക'യോ മറേറാ ആണ്. പേരു മറന്നു. സാരമില്ല. ചങ്ങാതി അസ്തമിച്ചിട്ട് നാഴികകൂച്ചായി—അതിൽ ഒരു ദിവസം ഞാനൊരുപന്യാസം വായിച്ചു, സാരേ! ആഹാരത്തെപ്പററി ചില അഭിപ്രായങ്ങളം. നമ്മുടെ നാട്ടിൽ ഉള്ള ആരുടെയും അഭിപ്രായമല്ല. ഹേ, അതായിരുന്നെങ്കിൽ ഞാനതു കണ്ടതായി നടിക്കുമോ, എടുത്തുപറയുമോ? ഒരു ജർമ്മൻ ഗവേഷകന്റെ അഭിപ്രായങ്ങളം. എന്റെ ഈശ്വരാ! അയാളം എന്തൊക്കെയാണ് പറഞ്ഞത്! എന്തിനെപ്പററിയാണെന്നറിയാമോ? കർമൂസിനെപ്പററി! ഈ കണ്ണൂരണ്ടാണെ സത്യം, ഞാൻ ഒരു പരിഹാസം പറയുകയല്ല. എന്തു പരിഹാസം പറഞ്ഞാലും ഞാൻ കായ്മംവിട്ടു പറയുകയില്ല: വെറും കർമൂസിനെപ്പററി!!

അയ്യോ, നിങ്ങളതു വായിക്കേണ്ടിയിരുന്ന മേപ്പടി മൂസ്സിൽ സകലതും—മനുഷ്യനു വേണ്ടിയ സകലതും—ചാക്കുചാക്കായി കുട്ടിട്ടുണ്ടത്രെ! മൂസ്സൊരു വീട്ടിലുണ്ടായാൽ പിന്നെ എളേതിന്ന് അനേഷിക്കുന്നവൻ വിഡ്ഢിയാണപോലും. എന്നു മാത്രമല്ല, കുമ്പളങ്ങയെപ്പററി ആ വിദ്വാൻ പല ദോഷങ്ങളും പറഞ്ഞു. അത് 'സെൻറ് പെർ സെൻറ് വാട്ടർ' ആണപോലും. മിയർ വൈക്കോൽ. പക്ഷെ മൂസ്സ് അങ്ങിനെയല്ല; കട്ടകട്ടിയാണ്. അതെഴുതിയ ആൾ വെറും കർമൂസ്സ് മാത്രം ശാപ്പിട്ട് ഏഴുകൊല്ലം ജീവിച്ചിട്ടുണ്ടത്രെ. (എന്തൊരു യോഗമാണ്!) വെറുതെ ജീവിക്കുക മാത്രമല്ല, ഹയൽമാനായി നൊത്തുനിച്ച് ആളുകൾ കൂടിയ സ്ഥലങ്ങളിൽച്ചെന്നിട്ടുണ്ടുപോലും.

എന്തൊക്കെയോ, ചങ്ങാതി! ഞാൻ ആ ജർമ്മൻ പണ്ഡിതൻ എഴുതിയത് വായിച്ച് മലച്ച് പോയി. അതുയല്ലേ പറയേണ്ടൂ!

ഞാൻ കർമ്മസിനെപ്പറ്റി ആലോചിച്ചു. എന്റെ വളപ്പിൽ ആറെണ്ണമുണ്ട്. അരഡസൻ. എന്നിട്ടെന്താണ്? അതു മുറിച്ച് കൂട്ടാനുണ്ടാക്കുകയില്ല. ഒരാഴ്ചക്കെങ്കിലും അതുവേണ്ട. എനിക്കും വലിയ ഒരിഷ്ടമുണ്ടായിട്ട പറയുകയല്ല. പക്ഷെ മാസത്തിലൊരിക്കലൊക്കെ, മറ്റ പല വസ്തുക്കളുടെയും ഇടയിൽ, അതും കൊള്ളിക്കാമെന്ന് എനിക്ക് അഭിപ്രായമുണ്ട്. അതൊക്കെ കണ്ടവർ പറിച്ചുകൊണ്ടുപോകുന്നു; അല്ലെങ്കിൽ വീണടിയും.

എന്തിനെയാണ് ഇങ്ങിനെ വലിച്ചെറിയുന്നത്? ആറ കനകഖനികളെ! ആറ സ്യമന്തകരത്നങ്ങളെ! ഒരുസമയം തറവാട്ടുഭോഗവ്യവഹാരത്തിൽ സമസ്തവുംപോയാലും, കമ്മീഷണർമാർ വലിയവിലയൊന്നും കല്പിക്കാത്ത, ഈ ആറ് കർമ്മൂസ് കല്പവൃക്ഷങ്ങളും പൊരിച്ച് കൊണ്ടുപോയാൽ മതി. ആറ കർമ്മൂസു നടാൻ ആവശ്യമായ സ്ഥലം മറ്റാരും തന്നില്ലെങ്കിൽ നമുക്ക് റെയിൽവെ കമ്പനിയെങ്കിലും തരും. ശാപ്പാടിന്റെ കാര്യം ഉറച്ചില്ലേ? ആ ജർമ്മൻ ഗവേഷകൻ— അല്ലെങ്കിൽ പാപ്പരായി പൊളിഞ്ഞ ആളോ മറ്റോ ആണോ? നല്ലവണ്ണം കഴിച്ചലിന്നവകയുള്ള ദേഹം!—ഈ മൂസ്സിനെമാത്രം ആശ്രയിച്ച് എഴുകൊല്ലം ജീവിച്ചില്ലേ? ജീവിക്കുക മാത്രമല്ല, ഫയൽമാനായി നടന്ന എന്നാണ് പറയുന്നത്. ഗ്രണം വരണേ, ഗ്രണം വരണം!.....അതിലപ്പുറം എന്താണ് വേണ്ടത്?

അങ്ങിനെയുള്ള ഈ സന്താനവല്ലിയെ അല്ലേ ഈശ്വര, "കർമ്മൂസ്!" എന്ന് പച്ചക്കറികളുടെ ഇടയിൽ ഏറ്റവും അപഹാസ്യമായ പേരുകൊണ്ട് അവമാനിച്ച്, കമ്മീഷൻ നോക്കുന്ന വക്കീലിന്റെ കണ്ണിൽകൂടി പെടാത്ത നിലയിലാക്കി നമ്മൾ അവമാനിക്കുന്നത്? എന്നോർത്തപ്പോൾ—സത്യമല്ലേ, എന്റെ ലക്ഷ്മിക്കുട്ടി, പറയേണ്ടൂ!—എന്റെ രണ്ടുകണ്ണിലും വെള്ളം നിറഞ്ഞുപോയി.

കർമ്മൂസ്സിന്റെ ഈ അധ്വിഷ്യമഹിമയെത്തുടർന്നുകൊണ്ട് പലേ കമേർഷ്യൽ ആലോചനകളും എന്റെ മനസ്സിൽ കടന്നുവന്നു. "ഒരു കർമൂസ് ഫാറം—വലിയ തോതിൽ—തുടങ്ങിയാലെന്താണ്? 'പാറപ്പുറം കർമൂസ് എക്സ്പോർട്ടിങ് ഏജൻസി!'—പത്തുപത്തു കൊല്ലത്തിനിടയിൽ! പക്ഷെ അതിന്നു കർമൂസ്സിന്റെ ഗുണങ്ങൾ നാട്ടുകാർ പരക്കെ അറിഞ്ഞുകഴിയണം. ബദാം പരിപ്പിനുള്ളതിനേക്കാൾ—പഴുവിൻ നെയ്ക്കുള്ളതിനേക്കാൾ വില അതിന്മേൽ പറിച്ചിടിച്ചുകഴിയണം. ഈ നാട്ടുകാർ ഇങ്ങിനെ ഒരു വിവരവുമില്ലാത്ത മണ്ടൂസന്മാരായിപ്പോയല്ലോ! ഇവരെക്കുറിച്ച് ചില കടലാസ്സുകാർ "യാഥാസ്ഥിതികന്മാർ" എന്നും മറ്റും മീത്ത പറയുന്നതിൽ എന്താണ് അത്ഭുതം? ഇവരെ അതിലും ആഭാസമായ രീതിയിൽ ശകാരിക്കണ്ടേ? കൊപ്പരയും, പിണ്ണാക്കിനും, ചകിരിക്കുമൊക്കെയാണ് അവർ പ്രാധാന്യം കല്പിക്കുക! കർമൂസിന്നുവേണ്ടി പ്രചാരവേല ചെയ്യണം. അതിന്ന് നാടൊട്ടുക്ക് ഒരു 'ഡിമാണ്ട്' ഉണ്ടാക്കിത്തീർക്കണം. എഴുതണം. തിരഞ്ഞെടുപ്പ് പ്രചാരവേലയിൽ പങ്കുകൊള്ളുകയെന്ന വ്യാജേന, ആരാന്റെ കാറിൽ കയറി നാടെങ്ങും സഞ്ചരിച്ചിട്ട് പ്രസംഗിച്ച്, പ്രസംഗത്തിന്നിടയിൽ ഇതും തിരുകണം.....'അതുകൊണ്ട് മനുഷ്യരേ, നിങ്ങടം തീച്ചയായും കണ്ടുപ്രത്ത് കുണ്ടുപ്പെന്നതന്നെ നിങ്ങളുടെ വിലയേറിയ വോട്ടുകൊടുക്കണം. അതിന്ന വേണ്ടുന്ന ശക്തി നിങ്ങടംക്ക് എളുപ്പത്തിൽ ഉണ്ടാകണമെങ്കിൽ നിങ്ങടം ദിനംപ്രതി പത്തുറാത്തൽ വീതം കർമൂസ്സും ഭക്ഷിക്കണം!'...അതിൽ എന്തോ അല്പം വല്ലാതെ തോന്നുന്നുണ്ടോ എന്നൊരു ശങ്ക. പക്ഷെ പറയുമ്പോൾ ഇതിലും നല്ല ഒരു യോജിപ്പ് കർമൂസ്സും സ്ഥാനാർത്ഥിയും തമ്മിൽ കണ്ടുവെക്കണം. അതുയല്ലേ ഉള്ളൂ?"

ഇങ്ങിനെയൊക്കെ ഞാൻ ആലോചിച്ചു. അചിരേണ പ്രസംഗവും തുടങ്ങി. തിരഞ്ഞെടുപ്പിന്റെ വ്യാജമില്ലാതെ പ്രസംഗിക്കുവാൻ കഴിയുന്ന അവസരങ്ങളിൽ കർമൂസ്സിനെപ്പറ്റി മാത്രം

ഒരു ബ്രഹൽസ്ഥാരുരതാകരംതന്നെ ഞാൻ വെച്ചുബീക്കി. സാമ്പിളം നോക്കിൻ:—

"ഹാ, സഹോദരരേ! ഞാൻ ഒരു പുതിയ മതത്തിന്റെ—ഒരു പുതിയ സത്യവേദത്തിന്റെ—അഭിനവമായ ഒരു സത്യപ്രഭാപ്രസരത്തിന്റെ—അദ്ഭുതപൂർവമായ ഒരു ജീവിതപരിവർത്തനത്തിന്റെ—അദ്വൈതംപോലെ തോന്നുന്ന ഒരു ആഹാരശക്തിവിശേഷത്തിന്റെ—അവാച്യമായ ഒരു മഹാത്ഭുതവികാസത്തിന്റെ—അനന്യവൈകവേദ്യമായ ഒരു ദിവ്യഭാഗ്യത്തിന്റെ—ബ്രഹ്മാണ്ഡകടാഹങ്ങളുടെ അവിശ്രാന്തപരിഭ്രമണത്തെപ്പോലും മാതൃനേരത്തേക്ക് ആനന്ദസ്തബ്ധമാക്കിയേക്കാവുന്ന ഒരു നവ്യോദന്തത്തിന്റെ—പ്രവാചകനതെ! സംസ്കൃതം പഠിക്കാൻ ഇടവരാത്തവർ നിങ്ങളുടെ ഇടയിലുണ്ടെങ്കിൽ, ഞാൻ കർമ്മസ്സിനെപ്പറ്റിയാണ് പറയുന്നതെന്ന് അവർ മനസ്സിലാക്കിക്കൊള്ളട്ടെ!

കർമ്മസ്സിൽ എന്താണുള്ളത്? ഹാ, എന്തൊരു ചോദ്യം! അതിലടങ്ങിയ ലോകവിവരമില്ലായ്മയിൽ ദുഃഖിയാവുന്നെന്ന കൃത്തിയൊലിച്ചുപോകും! കർമ്മസ്സിൽ എന്താണില്ലാത്തതെന്നു ചോദിക്കുക! സഹോദരരേ! എത്ര എളുപ്പത്തിൽ ആ ചോദ്യത്തിനു മറുപടി പറയാം! അതിലില്ലാത്തതു യാതൊന്നുമില്ലെന്നു പറഞ്ഞുകൂടെങ്കിൽ, ഗുണകരമായതു യാതൊന്നുമില്ലെന്നു തീച്ചയായും പറയാം: ലോകത്തിലുള്ള സർവഗുണകരപദാർത്ഥവും അതിലുണ്ട്! വൈറമിൻസോ? ഹാ, അതിൽ വൈറമിൻസേയുള്ളൂ! വൈറമിൻസെന്നു പറഞ്ഞാൽ, ചുമ്മാ ഇരിക്കുന്ന വകയല്ല; പാഞ്ഞുകടിക്കുന്ന ജാതി! കർമ്മസ്സ് പതിവായി ഭക്ഷിക്കുന്നവന്റെ രക്തത്തിലൂടെ ഈ വൈറമിൻസ്, രോഗബീജങ്ങളെ ഠിം—ഠിം—എന്ന് കാണുന്നേടത്തുവെച്ച് കാച്ചിക്കൊണ്ട്, എത്യോപ്യയിൽ കടന്ന ഇറാലിയൻ പടന്മാരെപ്പോലെ, അണിയണിയായി, നിരനിരയായി, സക്കീട്ടടിക്കുന്നു! ഈ വിവരം അറിയാത്തവർ യൂറോപ്പിൽ ഇന്നാരുമില്ല.

അതുകൊണ്ട്, സഹോദരരേ! കർമ്മസ് അധികമധികം തിന്നുവിൻ! അതു് രാവിലെയും വൈകുന്നേരവും എല്ലാ കറികളിലും അധികമധികം ചേരട്ടെ! പിന്നീട് അതില്ലാതെ കറിയില്ലാതായിത്തീരട്ടെ! അനന്തരം അതല്ലാതെ കറിയില്ലാതാകട്ടെ! അചിരേണ, ചോറിനു പകരം കൂടി കർമ്മസ്സ് ഉപയോഗിക്കുമാറാകട്ടെ! ഒടുക്കം ചുക്കുവെള്ളംകൂടി കർമ്മസ്നീരാകട്ടെ!

അന്നാണ് ഭാരതത്തിൽ വീരപുരുഷന്മാരുണ്ടാവുക! ഇപ്പോഴോ നാനാതരം ആഹാരപദാർത്ഥങ്ങൾക്കും, ടോണിക്കുകൾക്കും, മണ്ണാങ്കട്ടക്കും നിർദാക്ഷിണ്യം വെലവാക്കുന്ന പണം പോകാതെ നിന്നു പെരുത്തുകൂടി, അവർ ഇന്നത്തെ ധനികന്മാരെക്കൂടി ഒട്ടുക്കും സോഷ്യലിസ്റ്റുകാരാക്കും! അവസാനമായി, നമ്മുടെ അസംഖ്യം യുവകവികളിലൊരാൾ ഈയെടെ ഒരു മിസ്റ്റിക്സന്ദർഭത്തിൽ പാടി,

'കർമ്മസ്സു തിന്നുവിൻ, തിന്നുവിൻ ലോകരെ!'

എന്ന വരി മാത്രമേ എനിക്ക് നിങ്ങളോടു പറയുവാനുള്ളൂ."...

* * * *

ഇത്യാദി പ്രസംഗങ്ങളും ഞാൻ പല സ്ഥലത്തും വെച്ചു നടത്തി. കർമ്മസ്സിന്റെ ചങ്ങലം പരണ്ടയിൽ വലിയ ഉഴക്കൻ പ്രചാരമായിത്തീർന്നു. എന്റെ തൊടിയിലെ ആറു വൃക്ഷങ്ങളും അറപതായി; അറനൂറായി; ആറായിരത്തിലധികമായി. വില്പനകരം നടന്നു. തപാൽവഴിയായി ഓർഡറുകളും എത്തി. ഒന്നുരണ്ടു കൊല്ലത്തിന്നിടയിൽ മറശീമയ്യ്തന്നെ കർമ്മസ്സ് കെട്ടി അയക്കാനുള്ള ഘട്ടം നേരിട്ടുമെന്ന നിലയിലായി.

ഈ പരന്നു തള്ളിവരുന്ന പണത്തിന്നിടയിലാണ് ഞാൻ എന്റെ ജന്മസമ്മതി എങ്ങിനെയോ പോയ്പോയ കഥ മനസ്സിലാക്കിയത്. ചങ്ങലംപരണ്ടയിലെ കുട്ടികൾക്കൊന്നും എന്നെ കണ്ണെടുത്തു കണ്ടുകൂടാതായി. പെണ്ണുങ്ങളുടെ ദോഷ്യമാണെങ്കിൽ, പറയാനുമില്ല: ഞാൻ ഇടവഴിയിൽകൂടിയോ മറേറാ പോകുമ്പോൾ എന്നെക്കണ്ടുട്ടുന്ന സ്ത്രീകുട്ടികൾ എന്റെ നേർക്കയച്ച നോട്ടങ്ങളുടെ കൂടിൽ ഞാനല്ല, ആഫ്രിക്കയിലെ കാപ്പിരികൾകൂടി പൊരിഞ്ഞുപോകും!

ഞാനാലോചിച്ചു, എന്താണിതിന്റെ രഹസ്യം? പെട്ടെന്ന് ഒരു പണക്കാരനായിത്തീർന്നതുകൊണ്ടുള്ള അസൂയയായിരിക്കുമോ? ഛീ! കഷ്ടി

കാം അങ്ങിനെ ഒരിക്കലും വെറും പണത്തെപ്പറ്റി അസൂയപ്പെട്ടകയില്ല. പണത്തിന്ന്, അവരെസ്സംബന്ധിച്ചെടത്തോളം, വിലയേ ഇല്ല .. പിന്നെ എന്തായിരിക്കും?...

എന്തോ! എനിക്കാലോചിച്ചിട്ട് ഏതുമായില്ല. എന്നുമാത്രമല്ല, പ്രസ്തുതവിദ്വേഷം ദിനം പ്രതി വർദ്ധിച്ചുവന്നേയുള്ളൂ! അങ്ങിനെയിരിക്കുമ്പോളാണ് എനിക്കൊരു സൂചന കിട്ടിയത്. ഞാൻ ചങ്ങലംപരണ്ടയിൽ ഒരിടവഴിയിൽകൂടി നടക്കുകയായിരുന്നു. രണ്ടു സ്ത്രീകുട്ടികളും സംസാരിച്ചുകൊണ്ട് എന്റെ മുമ്പിൽ നടക്കുന്നുണ്ട്. ഉറക്കെയാണ് സംസാരം.

"ഹ, എത്ര ആളുകളം ഭക്ഷണത്തിലൊക്കെപ്പെട്ട കാഞ്ഞുപോകുന്നു! ആ അസത്തു്, മഹാപാപി, ദ്രോഹി, പാറപ്പുറത്തു സഞ്ജയൻ ബാക്കി നിൽക്കുന്നല്ലോ!

"എന്റെ ഇപ്പൂ, ഞാൻ വലുതായാൽ ആദ്യം ചെയ്യുന്ന പണി ഒരു റിവോൾവർ വാങ്ങി ആ ചങ്ങാതിയെ കാച്ചുകയായിരിക്കും!"

ഞാൻ ഞെട്ടിപ്പോയി. സത്യമായും ഞെട്ടിപ്പോയി! ആ രണ്ടാമത്തെ വിത്തു വളർന്നുവരുന്നതിലിടയ്ക്ക് പിനാങ്ങിലേക്കോ മറേറാ കപ്പൽ കയറീട്ടില്ലെങ്കിൽ കായ്ക്കും വലിയ കഴപ്പത്തിലാകുമല്ലോ! ഞാൻ കുറച്ചു വേഗത്തിൽ നടന്നു കുട്ടികളുടെ ഒപ്പമെത്തി ഒരുത്തരോടു ചോദിച്ചു.

"നിങ്ങളാരെപ്പറ്റിയാണ്, ഇപ്പൂന്മാരെ, പറയുന്നത്?"

"ആ—ആ—ആ—ഞാനെന്താണ് പറയേണ്ടതു്? ആ തെമ്മാടി, ജനദ്രോഹി, സഞ്ജയനെപ്പറ്റി."

"ഏതാണാവിടപ്പൻ?"


"ഏതോ! പേരു കേട്ടിട്ടേയുള്ളൂ. ആളെ കണ്ടിട്ടില്ല. എനിക്ക് ആ അസത്തിനെ കാണണമെന്നുമില്ല."

"എന്താണ് ആ ചങ്ങാതി ചെയ്തത്?"

"ഉം, നിങ്ങളറിഞ്ഞിട്ട് അറിയാത്തപോലെ പറയുന്നു! ഞങ്ങളൊക്കെ കർമൂസ്സ് തിന്ന് മരിക്കാറായി; അതുതന്നെ! വീട്ടിൽ വന്ന് അച്ഛനോടും അമ്മാമനോടുമൊക്കെ കർമൂസ്സിന്റെ മഹിമയെപ്പറ്റി പ്രസംഗിച്ച് ഒടുക്കം അവർ, ഞങ്ങളോടുള്ള ദയകൊണ്ട്, ഞങ്ങൾ കർമൂസ്സ് തിന്ന് നന്നാവട്ടെ എന്നു തീച്ചപ്പെടുത്തി. അതുതന്നെ! അതുപോരെ? രാവിലെയും രാത്രിയും കർമൂസ്സ്. കഞ്ഞിക്കും കാപ്പിക്കും കർമൂസ്സ്. ഭാഗ്യവശാൽ കുളിക്കും പല്ലുതേപ്പിനും കർമൂസ്സായിട്ടില്ല. അതുതന്നെ! കുട്ടികൾക്കാണ് ഈ സാമാനം കൊടുക്കേണ്ടത് എന്നാണ് നിശ്ചയം. "ഞങ്ങൾക്കൊക്കെ വയസ്സായില്ലേ? എനി എന്തെങ്കിലും വല്ലതും തിന്ന് വല്ലേടത്തും കിടന്നു മരിച്ചാൽ മതി!" എന്നു പറഞ്ഞ് പന്ത്രണ്ടുതരം കൂട്ടാനും കൂട്ടി അവരുണ്ണും. ഞങ്ങളുടെ ദേഹം നന്നാക്കാനും, ബുദ്ധിയുണ്ടാവാനും, പരീക്ഷയിൽ പാസ്സാകിക്കുവാനും ഒക്കെ കർമൂസ്സ് മതിപോലും! കർമൂസ്സല്ലാതെ മറെറാന്നും അതുപോലും! അവരൊക്കെ ചെറുപ്പത്തിൽ ഞങ്ങളെപ്പോലെ കർമൂസ്സ് തിന്നാഞ്ഞതുകൊണ്ടായിരിക്കും മുതിർന്നപ്പോൾ ഇങ്ങിനെ വിഡ്ഢികളായിപ്പോയത്! ഇതൊക്കെ ആ ബ്രഹ്മരാക്ഷസനായ സഞ്ജയൻ പറഞ്ഞു് അവരെ കലികയറ്റി വിട്ടതാണ്. ഫലം അനുഭവിക്കുന്നത് ഞങ്ങൾ!"

* * *

എന്റെ സാറേ! ഇതൊക്കെ ഞാൻ കേട്ടതിനുശേഷം ഒരൊറ്റ അക്ഷരം മറുപടി പറയാതെ നടന്നു; ആലോചനാമഗ്നനായി നടന്നു. "കൃഷ്ണനാം ക്രിസ്തുവിൻ ധർമ്മോപദേശമാം വിശ്വലകോമളവേണുഗാനം, ഏതോ സ്വാർത്ഥഗ്രാഹിയന്ത്രത്തിൽ നിന്നാവിർഭൂതമായ്ത്തൻ ചൊവി പൂകിയ" തോട്ടുകൂടിയാണതു മശലനമറിയുന്നതിന്റെ ജീവിതചര്യയിൽ ഒരാമൂലപരിവർത്തനം വന്നുചേർന്നത്. അങ്ങിനെയാണ് എന്റെ ജീവിതത്തിലും ഒരു പരിവർത്തനമുണ്ടായത്. ഞാൻ കർമൂസ്കൃഷി നിർത്തി. എന്റെ എസ്റ്റേറ്റ് മുഴുവൻ കോട്ടയത്തുനിന്നു വന്ന ചേട്ടന്മാരുടെ ഒരു കമ്പനിക്ക് ഞാൻ കെട്ടുവിലക്ക് വിറ്റു. കുട്ടികൾക്ക് എന്റെ ഈ സംരംഭംകൊണ്ട് ഇങ്ങിനെയുള്ള ഒരു ദുഃഖമാണ് എത്തിച്ചേരുന്നതെങ്കിൽ, അതുകൊണ്ടുള്ള ആദായം വേണ്ടെന്ന് ഞാനും കരുതി. ഏഴുകൊല്ലം കർമൂസ് മാത്രം തിന്നു ജീവിച്ച ആ ജർമ്മൻ ഗവേഷകനെപ്പറ്റി എനിക്കൊന്നും പറയുവാനില്ല. ഈ ആഹാരഗവേഷകന്റെ തല ഒരു തലച്ചോർഗവേഷകൻ പരിശോധിച്ചു തീപ്പു കല്പിച്ചതിന്നുശേഷമേ എനി ഞാൻ അദ്ദേഹത്തെപ്പറ്റി പറയുകയുള്ളൂ.



ജാംബവാനല്ല, ഹനുമാൻ!

[താൻ ജാംബവാനല്ല, ഹനുമാനാണെന്ന് മി: രാമയ്യർ ഈയെടെ കോഴിക്കോട്ട് ടൌൺഹാളിൽവെച്ചു ചെയ്ത ഒരു തിരഞ്ഞെടുപ്പുപ്രസംഗത്തിൽ പറയുകയുണ്ടായി. താഴെ ചേർക്കുന്ന അധ്യാത്മരാമായണത്തിലെ വരികൾ അദ്ദേഹം ഓർക്കുന്നുണ്ടായിരിക്കും. ജാംബവാൻ ഹനുമാനോട് പറയുകയാണ്:

"ചണ്ഡകിരണനുദിച്ചു പൊങ്ങുന്നേരം
മണ്ഡലംതന്നെത്തുടുതുടെക്കണ്ടു നീ
പകലമെന്നോർത്തു ഭക്ഷിപ്പാനടുക്കയാൽ
ശക്രനുടെ വജ്രമേറു പതിച്ചതും
.....
ആത്മായസാരാത്ഥമൂർത്തികൾ ചൊല്ലിനാർ
നാമ്നാ ഹനുമാനിവനെന്നു സാദരം
വജ്രം ഹനുവിങ്കലേറു മുറികയാ-
ലച്ചരിത്രങ്ങൾ മറന്നിതോ മാനസേ?"

മി: രാമയ്യരുടെ പ്രഖ്യാപനത്തിൽ അത്ഭുതസൂചകമായ ഒരു ധ്വനിഭേദമുണ്ടെന്ന് ഞങ്ങളുടെ ചിത്രകാരൻ സൂചിപ്പിക്കുന്നു.]

"എന്റെ ഗുരുനാഥ" നല്ല!

അവതാരിക.

ലോകത്തിലെ മഹാത്മാക്കളെ പുകഴ്ത്തി കവിതയെഴുതുവാൻ മഹാകവികളുണ്ടായിരിക്കും; അതിനെപ്പറ്റി ആക്ഷേപമോ അസൂയയോ ഉണ്ടാകുവാൻ തരവുമില്ല. പക്ഷേ, മേപ്പടി മഹാത്മാക്കന്മാർ രാഷ്ട്രീയകക്ഷികളുടെ നേതാക്കന്മാർക്കുടിയായിത്തീരുമ്പോളാണ് വൈഷമ്യമുണ്ടായിത്തീരുക: അസൂയ രംഗപ്രവേശം ചെയ്യും. മഹാത്മാക്കളെന്നു വിളിക്കാൻ കുറച്ചൊന്നു ഞെരുങ്ങിയാലും കഴിയാത്ത വിദ്വാന്മാരുടെ നേതൃത്വത്തിലുള്ള കക്ഷിക്കാക്ഷേപം തങ്ങളുടെ നേതാക്കന്മാരെപ്പറ്റി ഏതെങ്കിലും ഒരു മഹാകവി വല്ലതും പാടിയാൽ എത്ര നന്നായിരുന്നു! എന്നൊരാഗ്രഹം കടന്നുകൂടും. പക്ഷേ, എന്തുചെയ്യും! മഹാകവികളുടെ തൂലികകളും, ഉള്ളിൽനിന്നൊരു പ്രേരണകൂടിയില്ലാതെ, 'എന്റെ ഗുരുനാഥൻ' മുതലായ ജ്യോതിനക്ഷത്രം പോലെ അക്ഷയ്യകാന്തിയോടുകൂടിത്തിളങ്ങുന്ന കാവ്യതല്ലജങ്ങളെ സൃഷ്ടിക്കുകയില്ല; വേണമെന്നുതന്നെ വെച്ചാലും, സൃഷ്ടിയ്ക്കുവാൻ അവയ്ക്കു സാധിക്കുകയുമില്ല.

മുൻ സൂചിപ്പിച്ച തരത്തിലുള്ള ഒരു കക്ഷിയുടെ വോട്ടുപിടിയന്മാരിൽ ഒരാൾ ഈയെടെ ഞങ്ങളെ—യും, ശ്രീ: മാധവജിയെയും—വന്നു കണ്ടു, അദ്ദേഹത്തിന്റെ കക്ഷിയുടെ നേതാവിനെപ്പറ്റി ഒരു കാവ്യം ചമച്ചുകൊടുപ്പാൻ ഞങ്ങളോടാവശ്യപ്പെട്ടു. ഞങ്ങളും സമ്മതിച്ചു. ഈ മാതിരി അപേക്ഷകളും ഉപേക്ഷിക്കുന്ന പതിവ് ഞങ്ങൾക്ക് പണ്ടേയില്ല. പക്ഷേ ഏതാദൃശമായ പദ്ധതിയിൽ ഇറങ്ങുന്നത് ആദ്യമായിട്ടാകയാൽ, നല്ല ഒരു മാതൃകയെത്തന്നെ മുൻനിത്തി ശ്രമിക്കുവാനാണ് ഞങ്ങളും തീച്ചപ്പെടുത്തിയത്. അതിനുമുണ്ടും, മുക്കാലും കാലുമായി, ശ്രീ: മാധവജിയും ഞാനും കൂടി എഴുതിയതാണ് താഴെ ചേർക്കുന്ന കൃതി. ഇതു നമ്മുടെ ചങ്ങാതിയെ കാണിച്ചപ്പോൾ അങ്ങോർക്ക് അതു പിടിച്ചില്ലെന്നാണ് ഏതാണ്ട് രണ്ടുമണിക്കൂറനേരം അദ്ദേഹം ചൊരിഞ്ഞുവിട്ട ശകാരത്തിൽ നിന്ന് ഞങ്ങളും മനസ്സിലാക്കുന്നത്. ഒടുവിൽ അദ്ദേഹം കവിത സ്വീകരിക്കാതെ ക്ഷോഭിച്ചിറങ്ങിപ്പോയി. എന്നാൽ ഇത് 'സഞ്ജയ'ന്നിരിക്കട്ടെ, എന്നു ഞങ്ങളും കരുതി.

മേലിൽ വല്ലവർക്കും ഇത്തരം വല്ല അപേക്ഷയും ചെയ്യാനുണ്ടെങ്കിലും, അകാരണമായി ക്ഷോഭിക്കുകയില്ലെന്നു തീർപ്പുണ്ടെങ്കിലും, 'മെസ്സേഴ്സ് മാധവജി, സഞ്ജയജി കമ്പനി. ക്ലിപ്തം, പോസ്റ്റ്—മരമരിങ്ങ, (ചങ്ങലംപരണ്ട വഴി)' എന്ന വിലാസത്തിൽ അപേക്ഷിക്കുക എഴുത്തു കിട്ടിയില്ലെങ്കിൽ, ഞങ്ങളും ഉത്തരവാദികളല്ല.

എന്നു്, പൊതുജനവിധേയൻ,

സഞ്ജയജി (ഒപ്പു്.)

മാധവജി.

ഇല്ലപോൽ തറവാടുതന്നെയാ നേതാവിന്ന—
(ചൊല്ലിനെന്തടിസ്ഥാനമെന്നൊന്നും ചോദിക്കേണ്ട!)
പുല്ലുപോലെല്ലാടവും കാണ്മതുണ്ടവിടെക്കീ—
ഇല്ലിയിലൊത്താശക്കാർ;—അവരേ കൂടുംബക്കാർ!

രോഗമില്ലതേ നേട്ടം; വിജയം പരാജയം;
ഭോഗമെങ്ങതേ നോട്ടം; തൻഗതിയധോഗതി!

ചീങ്കണ്ണി കുളംകുത്തുമൂക്കനാം പൊട്ടക്കുളം;
വങ്കന്മാർ കൊളുത്തിയ നനഞ്ഞ ചൂട്ടട്ടേഹം;
പാമ്പുകടം കടിച്ചാലും ചാവില്ലാ മഹാപാപി–
പാഴിരുൾ പരത്തുന്നൊരന്ധമാ മമാവാസി!

കൊല്ലാതെ കൊന്നീടുന്നൊരസ്സിദ്ധവൈദ്യൻ തൊട്ടി–
ട്ടില്ല പുസ്തകമൊന്നും 'ഡിഗ്രി' കൂടിയശേഷം.
പാത്രത്തിലാക്കാതേതു കൂപ്പിയുമൊഴിച്ചീടാ–
നിത്രയും വിദഗ്ധനായന്യനെക്കേട്ടിട്ടില്ലാ.

പണ്ടേതാൻ പരദ്രോഹമദ്ധരാത്മാവിൻ വ്രതം;
ബ്രാണ്ടിയാണവിടുന്നു പൂജിക്കും പരദൈവം;
ഓതുമാറുണ്ടാവിദ്വാൻ: 'അരദ്രാമകത്തായാ–
ലേതെടാ ചാടിക്കടന്നീടുവാൻ വയ്യാക്കടൽ?'

കാന്തയെക്കണ്ടെത്തിയ കാട്ടിതൻ മുക്രാരവം;
ഹന്ത, ഗർദ്ദഭസഭാമംഗലസംഗീതങ്ങളും;
ശുദ്ധമേ കിറുക്കിന്റെ തോന്ന്യവാസാലാപങ്ങ–
ളുദ്ധമ്മംകൊല്ലി തന്റെയധികപ്രസംഗങ്ങളും!

സഞ്ജയജി ഇടയിൽ കടന്നുവന്നു:

കപടത്താലേ ലോകം വെല്ലുമീയസത്തിന്ന്
പകതാൻ ധന്യ,സ്സീർഷ്യയാശ്രുഗ,മാരും ലക്ഷ്യം!
ഓംകാരത്തേയും ക്രമാൽത്തന്നഹംകാരത്തിനാൽ
ഹ്രീംകാരമാക്കിത്തീർക്കാതാബ്ഭകേതൻ ജപിക്കില്ല!

മാധവജി ഇടയുന്നു:

ഒട്ടകപ്പക്ഷിക്കുള്ള നയവു,മിരയെന്നു
തിട്ടമായ് പറഞ്ഞീടാനാവാത്ത ധിക്കാരവും,
കാട്ടിലെപ്പന്നിക്കുള്ള തടിയും, സായിപ്പിന്റെ
സൂട്ടിനാൽ വരുത്താവും വികൃതസ്വരൂപവും,
ഒത്തിണങ്ങിയ വേഷം കാണുവാൻ നിങ്ങൾക്കില്ലൊ–
രിത്തിരിപോലും മോഹമെങ്കിലെൻ കൂട്ടുകാരേ,
നിൽക്കരുതാപ്പീസിന്റെ കോലായി,ലെന്നല്ലെത്തി–
നോക്കരുതകത്തേക്കു ജന്നലിൽക്കൂടിയാരും!

സഞ്ജയജി.

ഹാ, തത്ര്യവൽപാദമൊരിക്കൽ ദർശിച്ചെന്നാൽ
പാതിരി നിരീശ്വരൻ; പുണ്യവാൻ കൊട്ടംപാപി;

ധമ്മിഷ്ഠൻ പട്ടലുബ്ധൻ; പണ്ഡിതൻ മഹാമൂഢൻ;
കമ്മയോഗികൾപോലും മുഴുത്ത കൈക്രുലിക്കാർ!

മഷ്യാദയില്ലാതുള്ളാപ്പുള്ളിയെക്കാണാൻ ചെന്നാൽ
വയ്യാക്കും ഗുർഭാഷണം കേൾക്കാതെ മടങ്ങുവാൻ;
ക്രുത്തദംഷ്ടകൾചേരും കേസരിപോലും ഭയാ-
മൂത്തിയാശ്രമനോട തട്ടിച്ചുനോക്കീടുമ്പോൾ!

മാധവജി.

കായ്ചിന്തനചെയ്യും നേരത്തും-മഹാകഷ്ടം!-
ഭായ്വീടെന്നപോലാണിഷ്ടനു സഹോതലം!

സഞ്ജയജി.

ചട്ടറ തോന്ന്യാസത്തിലേപ്പെട്ടും നേരത്തേതു
പട്ടണനടത്തട്ടും പർവതഗുഹാന്തരം!

മാധവജി.

നിത്യവും നാശത്തിന്റെ വിത്തുകളെത്ര പാവി-
ക്കൃത്യമായ് വളത്തുന്നുണ്ടിബ്ഭ്രുവിലീയാചായ്ച്ചൻ!
ആ വിള വിളഞ്ഞുള്ളതത്രയും താൻ കൊയ്യാതെ
പാവങ്ങൾക്കായിക്കൊണ്ടു ദാനവും ചെയ്തീടുന്നു!!
ചുമ്മയോ പങ്കുവീത്രും കാറേററിങ്ങുറങ്ങുന്ന-
തമ്മഹാദാതാവിന്റെയുദ്യോഗദുയ്യോഗശ്രീ?

ഏതു പൂങ്കഴലിന്നും പറ്റായ ധമ്മത്തിന്റെ
പാതകളാരോ കല്ലും മുള്ളുമിട്ടടയ്ക്കുന്നു,
ആ രഞ്ജാം ഭഗീരഥൻ ബൂട്ടസു ധരിച്ചിട്ടാ-
ണാരാമഭ്രുവിൽപ്പോലും പോവതു!—പോരേ ഭാഗ്യം?

സഞ്ജയജി.

കീചകൻ തന്റെ മാതൃഭ്രുമിയേ ദുഷമിത്ര-
നീചനാമൊരു കാമചാരിയെ പ്രസവിക്കു;
ഉത്തരധ്രുവത്തിന്റെ മധ്യദേശത്തേ കാണു
മത്യുത തീണ്ടീടാതുള്ളിത്തരം കരടിയെ;
ഘോരമാം സഹാറയിൽ മാത്രമേ ശരിക്കിത്ര
നീരറ നീരും ശ്രുദ്ധശ്രുന്യത കാണായ്വതു!

മാധവജി.

നമസ്തേ, വഴിച്ചെണ്ടേ! നമസ്തേ, വയ്യോൽക്കുണ്ടേ!
നമസ്തേ, കുണ്ടാമണ്ടിക്കുണ്ടിലെ പ്രസിഡണ്ടേ!

ഹര, ഹരോ, ഹര! പാൽക്കാവടി!

സമാപ്തം.

സമസ്യാപൂരണങ്ങൾ.

സമസ്യാപൂരണങ്ങളുടെ കാലം കഴിഞ്ഞുപോയി. സുഖമായി ശാപ്പാട്ടു കഴിച്ചു് ഇടനേരങ്ങളിൽ കവിതയെഴുതുകയല്ലാതെ മറെറാരു ജോലിയുമില്ലാതിരുന്ന കവികളുടെ കാലമായിരുന്നു സമസ്യകളുടെ കാലം.

അതെന്തു തമാശയുള്ള കാലമായിരുന്നു! ഒരു കവി ഒരു സമസ്യയെഴുതി സാഹിത്യമഹാഭാരതത്തിലെ ദ്രോണാചാര്യരായിരുന്ന വരഗീസ്സുമാപ്പിള അവർകളുടെ പത്രാധിപത്യത്തിൽ പ്രചരിച്ചിരുന്ന 'മനോരമ'യിലോ മറെറാ പ്രസിദ്ധപ്പെട്ടുത്തും. രണ്ടോ മൂന്നോ ആഴ്ചകം കഴിയുമ്പോഴെക്ക് പൂരണങ്ങം വരികയായി. കേരളവ്യാസൻ തൊട്ട് കീഴ്പോട്ട് ഇന്നത്തെ തലമുറച്ച നാഥാന്ധികന്മാരായ അന്നത്തെ താടിമുളക്കാത്ത വിപ്പവക്കാർവരെയുള്ള കവികളിൽ മുക്കാലും പേർ പ്രസ്തുത പൂരണത്തിൽ ഒരു കൈ നോക്കിട്ടുണ്ടായിരിക്കും.

ഈ സമസ്യാപൂരണം അത്ര എളുപ്പപ്പണിയായിരുന്നുവെന്ന് നിങ്ങം കരുതിപ്പോയ്ക്കളയരുത്. അല്ലേ, അല്ല! ആവു, ചില സമസ്യകം കണ്ടാൽ നമ്മം മോഹാലസ്യപ്പെട്ടുപോകും. "ഉൽകടസംകടക്കടൽ കടന്നീടാൻ കടാക്ഷിക്കണം!" എന്നോ "കപ്പലിൽക്കയറി യാത്രയാണ് ഞാൻ." എന്നോ, "ഉപ്പുക്കോളൊന്നു കൊള്ളുന്നവരഖിലരുമീമട്ടിലുംപ്പെട്ടുപോകും!" എന്നോ മറെറാ ഉള്ള സമസ്യകം സാരമില്ല: അവയെ പൂരിപ്പിക്കാൻ എത്രയും പറയാം, എങ്ങിനെയും പറയാം!

പക്ഷെ ചില സമസ്യകം നോക്കിയാൽ തുമ്പും വാലും കിട്ടുകയില്ല. അത്ഥം മനസ്സിലാകാത്തതായിരിക്കുകയില്ല അവയുടെ വൈഷമ്യം; മനുഷ്യന്റെ തലയുടെ നില്പാണി തെറിച്ചുകളയുന്ന ഒരത്ഥം വളരെ വിശദമായി മനസ്സിലാകുന്നതായിരിക്കും! സംസ്കൃതക്കാരാണ് ഈ പിരാന്തൻസമ്പ്രദായം തുടങ്ങിവെച്ചത്. ചില സാമ്പിളുകം നോക്കിൻ:

"പിപീലികാ ഉന്നിവരം പ്രസൂതേ!"

എന്നുവെച്ചാൽ "ഉമ്പ് ആനയെപ്പെറുന്നു!" എന്ന് പച്ചമലയാളം. ഭഗവാനേ! ഒരു പഴയ കവി അതു പൂരിപ്പിക്കാൻപെട്ട പാട്! സമസ്യയിലെ ഓരോ വാക്കും ഓരോ ചോദ്യത്തിന്റെ ഉത്തരമായി സംകല്പിച്ച്, ആദ്യത്തെ മൂന്നുവരികളും, ക്രമേണ, ആ മൂന്നു ചോദ്യങ്ങളാക്കി അദ്ദേഹം എഴുതേണ്ടിവന്നു. "ഭൂമിയിൽകൂടി നടക്കുന്ന മനുഷ്യനെ ആര് കടിക്കുന്നു? പ്രകടപ്രഭാവനായ സിംഹം ആരെ കാച്ചുന്നു? തിങ്കം തികഞ്ഞ ഗർഭിണി എന്തുചെയ്യുന്നു? ഉമ്പ്—ആനയെ—പ്രസവിക്കുന്നു!" എന്ന് അദ്ദേഹം എഴുതേണ്ടിവന്നു. ഈ സാഹസം ചെയ്തതിനുശേഷം ആ കാർണോപ്പാടിന്റെ തലയ്ക്ക് തക്രധാരനടത്തേണ്ടിവന്നിട്ടുണ്ടായിരിക്കും!

വേറൊന്നു നോക്കിൻ:

"ഗംഗാവത് ഗജകുംഭവത് ഗഗനവത് ഗാംഗേയ—
വത് ഗാനവത്!"

എന്തൊരു 'ഗത്ഗത'ക്കോപ്പിരാട്ടിയാണിത്! അത്ഥമാണെങ്കിലും ചിത്രം: ഗംഗപോലെ, ആനത്തലപോലെ, ആകാശംപോലെ, പൊന്നുപോലെ, പാട്ടുപോലെ! ഇങ്ങിനെയൊക്കെപ്പോട്ടി ഇതിട്ടവനത്തിലെങ്കാൻ ഒരു ചരക്കുണ്ടോ? ഇക്കാലത്തായിരുന്നുവെങ്കിൽ, ഇങ്ങിനെയൊരു സമസ്യകൈയിൽ കൊണ്ടിഞ്ഞ യുവകവി നേരെ പോയി കെട്ടിത്തൂങ്ങിയോ, കടലിൽച്ചാടിയോ ജീവിതമവസാനിപ്പിക്കും. എന്നുവെച്ചാൽ ചെടത്തോളം, ഞാൻ ആ യുവകവിയെ കുറപ്പെടുത്തുകയുമില്ല. പക്ഷെ, പണ്ടത്തെക്കാലത്ത്, കവികം ആത്മഹത്യചെയ്യുന്നത് ഫാഷനായി കരുതിയിരുന്നില്ല. അതുകൊണ്ട് അവർ ഈ സമസ്യയുമായി മല്ലിടുകതന്നെ ചെയ്തു. ഒരു വിദ്വാൻ കാവ്യം പാടിച്ചു: "നിന്റെ ഹാസം; നിന്റെ കുചദ്വയം; നിന്റെ കടിതടം; നിന്റെ ദേഹം; നിന്റെ വാക്ക്—ഗംഗപോലെ, ആനത്തലപോലെ....." ഇത്യാദി.

"സൂച്യഗ്രേ കൂപഷട്കം തദുപരി നഗരം
തത്ര ഗംഗാപ്രവാഹഃ"

എന്നായിരുന്നു വേറൊരു തലകാഞ്ഞ സമസ്യ. സമസ്യകം കെട്ടിച്ചമക്കുന്നവർ കവികളുടെ നേരെ അതിഭയംകരമായ ഈർഷ്യയോടുകൂടിയ ഒരു തരം ജനദ്രോഹികളാണെന്ന് എനിക്ക് ബോധ്യമായത് ഈ സമസ്യകണ്ടതിനു ശേഷമാണ്. നിങ്ങം ഒന്നാലോചിച്ചുനോക്കിൻ! വിരുത്തിന്മേൽക്കൂടി പോകുമ്പോം നിങ്ങളെ ആരെങ്കിലും പെട്ടെന്ന് തടുത്തുനിത്തി "ഒരു സൂചിയുടെ അറത്തു് ആറു കിണറും, അവയുടെ മീതെ ഒരു പട്ടണവും, മേപ്പടി പട്ടണത്തിൽ ഒരു ഗംഗാപ്രവാഹവും!" എന്നു പറഞ്ഞാൽ നിങ്ങളെന്താണ് ചെയ്യുക? ഞാനാണെങ്കിൽ, ഞെട്ടിപ്പി

റകോട്ട് മാറി, തിരിഞ്ഞുനോക്കാതെ ഓടി നാഴിക നാലു പിന്നിട്ടതിനു ശേഷമേ കിതപ്പു മാറാവാൻ നിൽക്കുകയുള്ളൂ! പക്ഷെ ഒരു പഴയ കവി അതും പൂരിപ്പിച്ചു!! അദ്ദേഹം ഒരു രാത്രി നേരം വൈകി വീട്ടിലെത്തിയപ്പോൾ ഭാര്യ "എന്താണ് വൈകിയത്?" എന്നു ചോദിച്ചപ്പോൾ. അപ്പോളദ്ദേഹം "ഞാൻ വരുന്ന വഴിക്ക് ഒരു ഇന്ദ്രജാലക്കാരൻ മഹേന്ദ്രജാലം കാണിക്കുന്നതു കണ്ടു" എന്നു പറഞ്ഞുവത്രെ. പെണ്ണുങ്ങളുടെ ജിജ്ഞാസയല്ലേ? നേരം വൈകിയ കാര്യമൊക്കെ ഉടനടി 'സബ്മിറ്റ് ചെയ്ത്', ആ പെണ്ണു "അതെയോ? എന്നിട്ടവിടെ എന്തൊക്കെക്കണ്ടു?" എന്നു ചോദിച്ചു. അവസരം തഞ്ചത്തിൽ കിട്ടിയില്ലേ? മഹേന്ദ്രജാലത്തിന്റെ കഥയല്ലേ? എന്തു പറഞ്ഞാലാണൊക്കാത്തത്? ആ ധൂർത്തൻ മുഖത്തൊരു കോട്ടമില്ലാതെ, കണ്ണിമയൊന്നിളകാതെ, തട്ടിവിട്ടു: "സൂര്യശ്രീ കൃപാഷ്ടകം....." ഇത്യാദി.

ഈ കഥ മുഴുവൻ ആ കവി മൂന്നു പാദത്തിൽ, സോഡക്കുപ്പിയിൽ ഗാസെന്നപോലെ, ഒതുക്കിപ്പിടിച്ച് അമർത്തിവെക്കേണ്ടിവന്നു.

കേരളത്തിലും സമസ്യക്കാരുടെ ഇടയിൽ ഈ മാതിരി ദ്രോഹികൾ എന്തുകൊണ്ടും ആ പഴയ കാലത്തുണ്ടായിരുന്നു. (അവരാണ്, കവിത്തിന്റെ തിരിഞ്ഞുചവിട്ട് ഹേതുവായി, ഇക്കാലത്ത് പടക്ഷാമമുള്ള യുവകവികളായി വന്ന് പിറന്ന് വങ്കത്തമെഴുതി മറവള്ളവരുടെ ചീത്തപറച്ചൽ കേട്ട് നശിക്കുന്നതെന്നാണ് എന്റെ സ്വകാര്യമായ അഭിപ്രായം. നിങ്ങൾ ഇത് പുറമെ പറയേണമെന്നില്ല. അല്ലെങ്കിൽത്തന്നെ മേപ്പടിയാന്മാരിൽ പലർക്കും എന്നെക്കുറിച്ചുള്ള സ്നേഹം അത്ര കലുഷിതമല്ലെന്ന് എനിക്ക് ഈയെടെയായി തോന്നിത്തുടങ്ങിയിരിക്കുന്നു. ഇതു കൂടിയറിഞ്ഞാൽ, ഒരുസമയം അവർക്ക് വിരോധത്തെന്നെ ഉണ്ടായേക്കും!)

ഞാൻ പറഞ്ഞുതുടങ്ങിയത് കേരളത്തിലെ സമസ്യക്കാരും ജനദ്രോഹവിഷയത്തിൽ പ്രാവീണ്യംനേടിയവരായിരുന്നു എന്നാണ്! ഒരു മാതൃകയിതാ:

"വെള്ളക്കാക്ക മലന്നിതംബരതലേ
പോകുന്നു ശോകം വിനാ!"

കർത്താവേ, ഇതെങ്ങാൻ പൂരിപ്പിക്കേണ്ടുന്ന ഭാരം എന്റെ പിരടിക്ക് വന്നു വീഴുകയാണെങ്കിൽ ഞാൻ, നിലംപതിച്ചു നിഷ്പ്രഭനായിപ്പോകും. പക്ഷെ എന്തുകൊണ്ടോ കവികർത്താക്കൾക്കുത്തു ഈ വരിക്ക്, അർത്ഥസംബന്ധവും ചാവുപുലബന്ധവുമുള്ള മൂന്ന് മുൻഗാമികളെ പണിപ്പെട്ടു പടച്ചുവിട്ടിരുന്നു എന്ന് എനിക്കോർമ്മയുണ്ട്. (അവയിലൊന്നെങ്കിലും ഇപ്പോഴും തോന്നുന്നില്ല: നമ്മുടെ ഓജ്ജശക്തിയുടെ ദയനീയസ്ഥിതി വർണ്ണിക്കുവാൻ ഒരു ഉപന്യാസം പോര; ഒരു മുഴുവൻ മാസികാലക്കംകൂടി മതിയാവുകയില്ല; ഒരു വലിയ പുസ്തകംതന്നെ വേണം!

"ആറും പിന്നെയൊരാറുമങ്ങതു ഗണി-
ച്ചീടുമ്പൊളേഴാസ്സരം!"

അതു വേറൊരു സമസ്യയായിരുന്നു! അതിനെപ്പറ്റി നിങ്ങളെന്തുവിചാരിക്കുന്നു? എന്തുവിചാരിച്ചാലും ശരി, ഇതും അക്കാലത്തെ ഭഗീരഥന്മാർ പൂരിപ്പിക്കാതിരുന്നില്ല. പരമേശ്വരന്റെ തടിയോട് പറിക്കിടന്ന സാധനങ്ങളുടെ ഒരു പട്ടിക ഒരു കവി ഹാജരാക്കി: തലയിൽ ആവ് (റിവർ ഗാഞ്ചീസ്); പിന്നെ ചാളക്കല, പാമ്പ്, ചാമ്പൽ, മഴു, മാൻ, പുലിത്തോൽ;—അങ്ങിനെയൊരാറ്. ആദ്യത്തെ ആറും, പിൻചൊന്ന ആറുംകൂടി കൂട്ടി, ആകെ എണ്ണം ഏഴ്! അങ്ങിനെ ഒരു വിദ്വാൻ.

ഞാൻ ഇവിടെ എഴുതിയ സമസ്യകളുടെ കൂട്ടത്തിൽ എനിക്ക് കഷ്ടിച്ചു പൂരിപ്പിക്കാൻ കഴിയുന്ന ഒരു സമസ്യ അതു മാത്രമെയുള്ളൂ. നമ്മുടെ "സൂര്യശ്രീ കൃപാഷ്ടക"ക്കാരൻ കാണിച്ച വഴിയിൽക്കൂടി കുറച്ചപ്പുറം പോവുകയേ വേണ്ടൂ.

ഒരുതരം പൂരണം നോക്കുവിൻ:

ഞാൻ ഈയെടെ ഒരുദിവസം സന്ധ്യക്ക് കൂതിരവട്ടത്തു റോഡിന്മേൽകൂടി നടക്കുകയായിരുന്നു, (ഒരു വരി സന്ധ്യാവർണ്ണനം.) ആ സമയത്തു് അകത്തുനിന്ന് വളരെ ഗംഭീരസ്വരത്തിൽ തലയുടെ കല്ലെളകിപ്പോയതിനാൽ ചികിത്സാർത്ഥം അവിടെ ആനയിക്കപ്പെട്ട ഒരു മാത്തമാറിക്സ് പ്രൊഫസർ ഇങ്ങിനെ പറയുന്നതുകേട്ടു:

"ആറും പിന്നെയൊരാറുമങ്ങതു ഗണി-
ച്ചീടുമ്പൊളേഴാസ്സരം!"

അതെങ്ങിനെ?

അല്ലെങ്കിൽ, വെറെയൊരു വഴിക്കു തിരിക്കാം: ഈയെടെ ഒരു എലിമെണ്ടറി സ്കൂളിന്റെ വരാന്തയിൽ ഞാൻ ചെന്നുനിന്നപ്പോഴും അകത്തുനിന്ന് കണക്കുക്ലാസിലുള്ള ഒരു കുട്ടിയുടെ ഉത്തരവും, തുടർന്നുകൊണ്ട് ഗംഭീരമായ പ്രഹരത്തിന്റെ ശബ്ദവും കേൾക്കുകയുണ്ടായി; അടിക്ക് ഇടയുണ്ടാക്കിയ ഉത്തരം ഇതായിരുന്നു.

"ആറും പിന്നെയൊരാറുമങ്ങതു ഗണി-
ച്ചീടുമ്പൊളേഴാസ്സരം!"

ആ അസത്തുകുട്ടിക്ക് അടികൊള്ളണ്ടേ, സർ? വേണമെന്നാണ് എനിക്കു തോന്നുന്നത്!

ഞങ്ങൾക്കു തോന്നുന്നത്.



ഇടയിൽത്തടയപ്പെട്ട പ്രസംഗം.

സാഹിത്യപരിഷത്ത്യോഗങ്ങളിലുംമറ്റും ചില പ്രസംഗങ്ങൾ—കേൾക്കാൻ കൊള്ളാവുന്ന പ്രസംഗങ്ങൾ—പകുതിവഴിക്കുവെച്ച് തടയപ്പെട്ടുന്നതിന്റെ രഹസ്യം എന്താണ്? ആരാണ് ഇതിനുത്തരവാദികൾ? എന്ന ചോദ്യങ്ങൾ ഡിസെമ്പർ മാസത്തിൽ തിരുവനന്തപുരത്തുവെച്ചു കൂടിയ പരിഷത്ത്യോഗത്തിൽ സംബന്ധിച്ച ഏതൊരാൾക്കും ചോദിപ്പാനർഹതയുള്ളവയാണെന്ന് ഞങ്ങൾ കരുതുന്നു.

പ്രൊഫസർ ജോസെഫ് മുണ്ടശ്ശേരിയുടെ പ്രസംഗത്തെക്കുറിച്ചാണ് ഞങ്ങൾ പറയുന്നത്. പ്രൊ: മുണ്ടശ്ശേരി നല്ല ഒരു പ്രാസംഗികനാണെന്നു പറഞ്ഞാൽപ്പോര; കേരളത്തിലെ പ്രാസംഗികന്മാരുടെ ഇടയിൽ അത്യുന്നതമായ ഒരു സ്ഥാനത്തിന്നു് സർവഥാ അർഹനാണെന്നുകൂടിപ്പറയാം. വിഷയംവിട്ടു വ്യതിചലിക്കുകയില്ല; അവധാനപൂർവമായ ആലോചനയുടെ ഫലമല്ലാത്ത യാതൊന്നും, പെട്ടെന്ന് ചിലപ്പോൾ പ്രാസംഗികന്മാക്കുണ്ടായേക്കാവുന്ന 'ഹാലിളക്ക'ത്തിനിമിത്തമോ, സദസ്സിലെ ഭൂരിഭാഗത്തിന്റെ സേവചിടിക്കുവാനോ വേണ്ടി പറയുകയില്ല; ഒരിക്കലും, ഒരു വിധത്തിലും വിഷയത്തിൽ ഉത്സുകരായ ശ്രോതാക്കളെ 'ബോറാ'ക്കുകയുമില്ല (മറ്റുള്ള മഹാമനുഷ്യന്മാർ ബോറനുഭവിക്കുന്നുണ്ടെങ്കിൽ അവരെത്തിന്നു് സാഹിത്യപരിഷത്ത്യോഗങ്ങളിൽ കടന്നുവരുന്നു?)

പക്ഷെ അദ്ദേഹത്തിന്റെ പ്രസംഗം ഇടയിൽത്തടയപ്പെട്ടു. കാരണം? പ്രസംഗത്തിന്ന് അനുവദിയ്ക്കപ്പെട്ട സമയം അദ്ദേഹത്തെ മുൻകൂട്ടി അറിയിച്ചിരുന്നില്ലേ? ഇല്ലെങ്കിൽ, ആ രസവിച്ഛിത്തിയ്ക്കുത്തരവാദികൾ പരിഷൽപ്രവർത്തകന്മാരാണ്; ഉണ്ടെങ്കിൽ, തന്റെ പ്രസംഗത്തെ ആ സമയത്തിനുള്ളിൽ ഒതുക്കുവാനോ; അതുവയ്യെങ്കിൽ, വിഷയം മാറ്റുവാനോ; അതും സാധ്യമായിരുന്നില്ലെങ്കിൽ, അധികസമയത്തിനു ചോദിക്കുവാനോ; അത് അനുവദിയ്ക്കപ്പെട്ടില്ലെങ്കിൽ, "എന്നാലെന്റെ പ്രസംഗവും വേണ്ട; എനിക്കു പറയാനുള്ളത് വേറെ എവിടെ വെച്ചെങ്കിലും പറഞ്ഞോളാം!" എന്ന് ആദ്യമേ പറഞ്ഞൊഴിയുവാനോ ഉള്ള ബാധ്യത പ്രൊ: മുണ്ടശ്ശേരിക്കുണ്ടായിരുന്നു എന്നാണ് ഞങ്ങളുടെ അഭിപ്രായം.

കാര്യം എങ്ങിനെയെങ്കിലുമാകട്ടെ, അവിടെവെച്ചു നടന്നത് കുറച്ചു കഠിനമായിപ്പോയി. ഒരു പ്രസംഗം പകുതി വഴിയ്ക്കുവെച്ചു നിർത്തേണ്ടിവന്നതു മാത്രമല്ല അതിന്റെ ദാരുണത: അതു മാത്രമായിരുന്നെങ്കിൽ, സഞ്ജയൻ അതിനെപ്പറ്റി എഴുതുകയില്ലെന്നു മാത്രമല്ല, സഖാവ് ഒന്നു കുശുകുശുക്കുകകൂടിയില്ല; പോയിന്റ് അതല്ല.

'സാഹിത്യത്തിലെ നിയമലംഘനപ്രസ്ഥാനം' എന്നതായിരുന്നു പ്രൊ: മുണ്ടശ്ശേരിയുടെ വിഷയം. പണ്ടൊരിക്കൽ ഒരു സാഹിത്യസമ്മേളനത്തിൽവെച്ച് പ്രൊ: മുണ്ടശ്ശേരി "സാഹിത്യത്തിൽ ഒരു നിയമലംഘനപ്രസ്ഥാനം ആവശ്യമായിത്തീർന്നിരിക്കുന്നു" എന്ന ഒരു വാചകം പറഞ്ഞുവെന്ന് റിപ്പോർട്ടർമാർ പത്രങ്ങളിലേക്കെഴുതി. പത്രാധിപന്മാർ—പ്രൊ: മുണ്ടശ്ശേരിയുടെ സാഹിത്യവിഷയകമായ അഭിപ്രായഗതി അറിയാത്തവരായതുകൊണ്ടായിരിക്കണം— ആ വാചകത്തെ അങ്ങിനെതന്നെ പ്രസിദ്ധപ്പെടുത്തി. ഈ സംഗതി അക്കാലത്തു്, സഞ്ജയനെ വല്ലാതെ അത്ഭുതപ്പെടുത്തി. "നമ്മുടെ സാഹിത്യത്തിലൊ? ഒരു നിയമലംഘനപ്രസ്ഥാനമോ? ഇന്നത്തെ നിരങ്കുശസ്ഥിതി പോരാഞ്ഞിട്ടോ?..... ച്ഛീ, അതുണ്ടാവുകയില്ല. പ്രൊ: മുണ്ടശ്ശേരി അങ്ങിനെ പറയുകയില്ല. മേപ്പടി അഭിപ്രായം ശ്രീ: വടക്കുംകൂർ രാജരാജവർമ്മ രാജാവവർകളം പറഞ്ഞു എന്നു് കേട്ടാൽപ്പിന്നെ ഞാൻ വിശ്വസിച്ചേക്കാം, അതുപോലും പ്രൊ: മുണ്ടശ്ശേരി പറയുവാനിടയില്ല" എന്നു് ഞാൻ വിചാരിച്ചു. ഈ വിചാരങ്ങളം, പ്രസംഗവശാൽ, 1936-ലെ "മാതൃഭൂമി" വാർഷികപ്പതിപ്പിൽ സഞ്ജയൻ എഴുതിയ ഉപന്യാസത്തിൽ സ്ഥലംപിടിക്കുകയും ചെയ്തു.

അങ്ങിനെയിരിക്കെ, സഞ്ജയനു് പ്രൊ: മുണ്ടശ്ശേരിയുടെ ഒരെഴുത്തുകിട്ടി. കാര്യം സഞ്ജയൻ ഊഹിച്ചതുപോലെത്തന്നെയാണുള്ളതെന്നും; താൻ അതല്ല, അങ്ങിനെയല്ല, പറഞ്ഞതെന്നും; പ്രസംഗം റിപ്പോർട്ടുചെയ്ത ആളം, ഒരുപക്ഷെ, ഒരു "മിസ്റ്റിക് റിപ്പോർട്ടരാ"യതുകൊണ്ടായിരിക്കാം പ്രാസംഗികൻ പറയാത്തത് അദ്ദേഹം കേട്ടതെന്നും പ്രൊ: മുണ്ടശ്ശേരി സഞ്ജയനെ സദയം സമാധാനിപ്പിച്ചു.

ഇങ്ങിനെയൊരു തെറ്റുധാരണ തന്നെപ്പറ്റി, സഞ്ജയനെപ്പോലെ വ്യക്തമായി തന്നെ മനസ്സിലാക്കീട്ടില്ലാത്ത മറ്റുള്ളവരുടെ ഇടയിൽ ഉണ്ടായേക്കാമെന്നു് കരുതി അതു നീക്കുവാനായിരിക്കുമോ പ്രൊ: മുണ്ടശ്ശേരി സാഹിത്യപരിഷത്യോഗത്തിന്റെ മുമ്പാകെ പ്രസംഗിക്കുവാൻ നിയമലംഘനവിഷയം തന്നെ തിരഞ്ഞെടുത്തത് എന്നു ഞങ്ങൾ ശങ്കിക്കുന്നു. അങ്ങിനെയാണെങ്കിലും അല്ലെങ്കിലും, അക്കാര്യത്തിൽ അദ്ദേഹത്തിനു് ഭയംകരമായ ഒരു അനർത്ഥമാണ് പറ്റിയത്.

നിയമലംഘനസംരംഭത്തെപ്പറ്റി പ്രൊ: മുണ്ടശ്ശേരിയുടെ അഭിപ്രായമെന്തെന്നു് വായനക്കാക്ക് മനസ്സിലായിക്കഴിഞ്ഞുവല്ലോ. പക്ഷെ, ആ അഭിപ്രായമല്ല പരിഷത്സഭയിൽവെച്ചു പുറപ്പെട്ടത്! പ്രൊ: മുണ്ടശ്ശേരിക്കെന്തുപറ്റി? അദ്ദേഹം അഭിപ്രായം മാറ്റിയോ?

അദ്ദേഹത്തിന്നു് പറ്റിയതെന്തെന്നു് ഞങ്ങൾ വിവരിക്കാം. കേസ്സിൽ മറുകക്ഷിയുടെ ഭാഗത്തുള്ള ന്യായങ്ങൾ പറഞ്ഞു് അവ എങ്ങിനെ പ്രകൃതത്തിന്നു് ബാധകമാകാതിരിക്കുന്നു എന്നു് തെളിയിക്കുന്ന വാദപദ്ധതിയായിരിക്കണം പ്രൊ: മുണ്ടശ്ശേരി സ്വീകരിച്ചതു്. മറുഭാഗത്തെ വാദങ്ങൾ അവതരിപ്പിച്ചതോടുകൂടി അദ്ദേഹത്തിന്റെ പ്രസംഗം നിർത്തപ്പെടുകയും ചെയ്തു!! ഇങ്ങിനെയല്ല സംഭവമുണ്ടായതെങ്കിൽ, പ്രൊ: മുണ്ടശ്ശേരി ദയചെയ്തു് ആ വിവരം സഞ്ജയനെ അറിയിക്കുകയില്ലേ?

ഒരു പ്രസംഗത്തെ തടയുവാൻ ഇടവരുന്നതു്, ഏതുനിലയിലും, കഷ്ടമാണു്; പ്രൊ: മുണ്ടശ്ശേരിയുടെ കാര്യത്തിൽ മഹാകഷ്ടമാണു്; പരിഷത്സഭാടികളിൽ ചെയ്യപ്പെടുന്ന പ്രസംഗങ്ങളാണെങ്കിൽ അതൊരു പരാധംകൂടിയാണു്; അതിപ്രധാനമായ ഒരു സാഹിത്യപ്രശ്നത്തെക്കുറിച്ചുള്ള പണ്ഡിതനായ ഒരു പ്രാസംഗികന്റെ അഭിപ്രായത്തെപ്പറ്റി മഹാജനങ്ങളുടെ ഇടയിൽ ഭീകരമായ ഒരു തെറ്റുധാരണ പരക്കുവാൻ ഇടയായിത്തീരുന്ന വിധത്തിലാണു് ഈ രസക്കയറു മുറിക്കപ്പെടുന്നതെങ്കിൽ, അതു് ഒരു മഹാപാതകംകൂടിയാണെന്നു് ഞങ്ങൾ പറയും.

കാലഭേദത്തിന്നനുസരിച്ചു് നിയമഭേദം ആവശ്യമാണു്. പുതിയ കാലസ്ഥിതികൾക്കു് പഴയ നിയമങ്ങൾ പോര. അവയെ മാറ്റേണ്ടിവരും; ലംഘിക്കേണ്ടിവരാം—ഇതെയുമാണു് പരിഷത്യോഗത്തിൽവെച്ചു്, ആളകലം കേട്ടെടത്തോളമുള്ള, പ്രൊ: മുണ്ടശ്ശേരിയുടെ പ്രസംഗത്തിന്റെ രത്നച്ചുരുക്കം!

ഇങ്ങിനെയൊക്കെയാണ് സാമാന്യനിയമം; പക്ഷെ.....തീച്ചയായും ഇക്കാര്യത്തിൽ ഒരു 'പക്ഷെ' ഉണ്ട്. പ്രൊ: മുണ്ടശ്ശേരിയാണ് പ്ര സംഗിച്ചതെങ്കിൽ ഉണ്ട്; ശ്രീ: കേശവദേവായി രുന്നുവെങ്കിൽ ഉണ്ടാകുമായിരുന്നില്ല എന്നാ ഉറപ്പുപോലെയുള്ള ഉറപ്പോടുകൂടിയാണ് ഞങ്ങളിതു പറയുന്നത്. ആ 'പക്ഷെ' കഴിഞ്ഞതിനു ശേഷമുള്ള പ്രൊ: മുണ്ടശ്ശേരിയുടെ വാദങ്ങളും, ഉദാഹരണങ്ങളുമാണ് ഞങ്ങൾ കേൾക്കാനാഗ്രഹിക്കുന്നത്. അവയാണ് ഇക്കൊല്ലത്തെ പരിഷദ്യോഗത്തിലൂടെ യുവസാഹിത്യകാരന്മാക്ക് പ്രൊ: മുണ്ടശ്ശേരിയിൽനിന്ന് കിട്ടേണ്ടിയിരുന്ന സന്ദേശത്തിന്റെ പ്രധാനാംശം: ആ അംശമാണ്, പരിഷൽപ്രവർത്തകന്മാരുടെയോ, പ്രാസംഗികന്റെയോ, അനവധാനതയാൽ ആളുകൾക്ക് കിട്ടാതെ പോയത്! ഇതാണ് ഞങ്ങൾ പറഞ്ഞ ട്രാജഡി.

കാലം മുന്നോട്ട് പോകുന്നുണ്ടെന്നും, കാലത്തിനനുസരിച്ച കോലം നിയമങ്ങൾക്ക് വന്നുചേരണമെന്നും, വേരുമെന്നും, പറയുവാൻ വേണ്ടിമാത്രം പ്രൊ: മുണ്ടശ്ശേരി ഈ ഹേമന്തകാലത്തിന്റെ ഒത്തനടുവിൽ തൃശ്ശൂരിൽനിന്നു തിരുവനന്തപുരത്തേക്ക്, യാത്രാച്ചെലവ് പരിഷത്തുകാർ കൊടുത്താലും, പുറപ്പെട്ടുപോവുകയില്ലെന്ന് ഞങ്ങൾക്ക് തോന്നുന്നു. അദ്ദേഹത്തിന്റെ പ്രസംഗഖഡ്ഗത്തിന്റെ അലകല്ല, പിടിയാണ് റിപ്പോർട്ടുകളിൽ ബാക്കിനിൽക്കുന്നത്! ഞെട്ട് കൈയിൽപ്പോന്നു, പഴം കിട്ടിയതുമില്ല! എന്തൊരു കഷ്ടമാണ്!

പരിഷൽപ്രവർത്തകന്മാരേ, പ്രാസംഗികന്മാരേ! നിങ്ങളൊക്കെ പരിചയവും പാണ്ഡിത്യവും വിവേകവുമുള്ള പുള്ളികളാണ്. ഇങ്ങാക്കും, ഒരു സാമാന്യപ്രമേയമെന്ന നിലയിൽ, അതിനെക്കുറിച്ച് ഒരഭിപ്രായവ്യത്യാസവുമില്ല. പക്ഷെ നിങ്ങൾ ഇടയ്ക്ക് കാണിക്കുന്ന അനവധാനിതം ഞങ്ങളാൽ ചില പാമരന്മാരെപ്പോലും വല്ലാതെ ശല്യപ്പെടുത്തുന്നുവെന്ന് പറയേണ്ടിത്തന്നെ വരുന്നു. നിങ്ങൾ തെറ്റിദ്ധരിച്ചാൽ ഇഞ്ഞൊരു മണ്ണാങ്കട്ടയുമില്ലെങ്കിലും, നിങ്ങൾതെറ്റിദ്ധരിക്കരുതെന്ന് ഞങ്ങൾക്ക് കലശലായ ആഗ്രഹവും അപേക്ഷയുമുണ്ടെന്നു ഇവിടെ പ്രസ്താവ്യമായുമിരിക്കുന്നു!

സഞ്ജയന്റെ എഴുത്തുപെട്ടി


"വ്യക്തി"യെ വ്യക്തമാക്കണമത്രെ!

"നിങ്ങൾ വ്യക്തിപരമായി ഒന്നും പറയുകയില്ലെന്നു പറയുന്നു; വ്യക്തികളെ കൂടക്കൂടെ പ്രത്യക്ഷമായും പരോക്ഷമായും ചൂണ്ടിപ്പറയുകയും ചെയ്യുന്നു. ഇതിന്റെ സാരം വിശദമാക്കിത്തരാമോ?" എന്നൊരാൾ ചോദിക്കുന്നു.

ഓ,ഹോ! തീച്ചയായും! കേൾക്കു: ചങ്ങലംപരണ്ട പഞ്ചായത്തു മെമ്പർ കുണ്ടപ്പനെ ഉദാഹരണമായെടുക്കുക. അദ്ദേഹം ഏകകാലത്ത് ഒരു വ്യക്തിയും വേഷവുമാണ്: കുണ്ടപ്പൻ—വ്യക്തി; സി. പി. പഞ്ചായത്തുമെമ്പർ മി. കെ. കുണ്ടപ്പൻ—വേഷം; അല്ലേ? കുണ്ടപ്പൻ മദ്യപിക്കും, വ്യഭിചരിക്കും, ഭാര്യയെത്തല്ലും, ഏഷണികൊണ്ട് ബന്ധുക്കളെ തമ്മിൽത്തല്ലിക്കും, തഞ്ചംകിട്ടിയാൽ മോഷണംകൂടി നടത്തും, (എന്നുവിചാരിക്കുക.) സി. പി പി. മെമ്പർ മി: കുണ്ടപ്പൻ അപ്രാപ്തനാണ്, കാര്യം മനസ്സിലാക്കാത്തവനാണ്, അന്യായം പ്രവർത്തിക്കുന്നവനാണ്, (എന്നും വിചാരിക്കുക.) സഞ്ജയൻ, ചങ്ങലംപരണ്ടയുടെ നന്മയെ ഉദ്ദേശിച്ചു, കുണ്ടപ്പനെപ്പറ്റി എഴുതുമ്പോൾ വ്യക്തിയെ മാത്രം ബാധിക്കുന്ന ദോഷങ്ങൾ എടുത്തുപറഞ്ഞാൽ അതു വ്യക്തിപരമായ ശകാരമായിരിക്കും; വേഷത്തിന്റെ ദോഷങ്ങൾമാത്രം ചൂണ്ടിപ്പറയുകയാണെങ്കിൽ (കുണ്ടപ്പനെന്ന പേരുതന്നെ വിളിച്ചുപറഞ്ഞാലും) അത് പൊതുജനനന്മയെ ഉദ്ദേശിച്ചുള്ള ഒരു കർത്തവ്യാനുഷ്ഠാനം മാത്രമായിരിക്കും. മനസ്സിലായോ?

തീർന്നിട്ടില്ല. ഒരു സംഗതികൂടി വിശദമാക്കാനുണ്ട്. മേപ്പടി കുണ്ടപ്പൻ മദ്യപിച്ച സമയത്ത് ഒരിക്കൽ സി. പി. ബോർഡ് യോഗത്തിൽ ഹാജരായി ലഹളയുണ്ടാക്കിയെന്നോ, ബോർഡ് മെമ്പറുടെ നിലയിലുള്ള അധികാരത്തെ കാര്യവിഷയകമായ വികാരസംതൃപ്തിയ്ക്കായി വ്യഭിചരിപ്പിച്ചുവെന്നോ, ഏഷണി പറഞ്ഞ് ബോർഡിൽ കക്ഷിവഴക്കുണ്ടാക്കിയെന്നോ വിചാരിക്കുക. വ്യക്തിയുടെ ദോഷങ്ങൾ വേഷത്തിലേക്കു പകർന്ന്, പൊതുക്കാര്യങ്ങളെ ബാധിക്കുന്ന ഘട്ടമാണിത്. ആ ഘട്ടത്തിൽ മേപ്പടി ദോഷങ്ങളെ ആസ്പദിച്ച് കുണ്ടപ്പനെ പബ്ലിക്കായി ശകാരിക്കുവാൻ ഒരു പൊതുജനാക്ഷേമകാംക്ഷി മടിക്കേണ്ടതില്ല: അതു മനസ്സിലായോ?

ഇപ്പോൾ എല്ലാം തിരിഞ്ഞുവോ?



ഭൂതമോ? ഭാവിയോ?

അമ്പലം വിഴുങ്ങിക്ക് വാതിൽപ്പുലക പപ്പടം!

(എന്നോടൊമെണ്ടിഃനോട് ക്ഷമാപണം)

പ്രസംഗവ്യാധി.

തിരഞ്ഞെടുപ്പുകാലത്തു് മറ്റു വിധത്തിൽ തലക്കോ തടിക്കോ തകരാറൊന്നുമില്ലാത്ത ചിലരെപ്പിടി ബാധിച്ചുകാണുന്ന ഒരു വ്യാധിയാണിതു്. ഇതിന്റെ നിദാനം, ലക്ഷണം, ചികിത്സ മുതലായവയെക്കുറിച്ചു് ഞങ്ങളുടെ വൈദ്യലേഖകനായ ഡെപ്പോ മാനേജരവർകളം ഗവേഷണങ്ങളം നടത്തിവരുന്നുണ്ടു്. ഈ ഗവേഷണങ്ങളം പൂർത്തിയായ ഉടനെ അവയുടെ ഒരു റിപ്പോർട്ടു് വായനക്കാർക്കു് സമർപ്പിക്കുന്നതായിരിക്കും.

തൽക്കാലത്തെ അറിവിൽ പെട്ടെടത്തോളം, പ്ലേഗുപോലെ പെട്ടെന്നു് പകരുന്ന ഒന്നല്ല ഇതെങ്കിലും, ന്യൂമോണിയയെക്കാളം പകർച്ചയുള്ള ശക്തി ഇതിനുണ്ടെന്നാണു് തെളിഞ്ഞിരിക്കുന്നതു്. നാട്ടിൻപുറങ്ങളിലുള്ളവരെക്കാളം നഗരത്തിലുള്ളവരെയാണു് ഇതു് അധികമായി പിടികൂടുകയെന്നും തെളിഞ്ഞിട്ടുണ്ടു്.

രാഷ്ട്രീയകാര്യങ്ങളെക്കുറിച്ചു് തലകാഞ്ഞു് ആലോചിക്കുക; മേതാക്കന്മാരുടെ പ്രസംഗങ്ങളം അധികമായി കേൾക്കുകയോ വായിക്കുകയൊ ചെയ്യുക; തിരഞ്ഞെടുപ്പിനെ സംബന്ധിച്ചു് പ്രബലമായ വാശി ആർക്കെങ്കിലും വേണ്ടിയോ; ആർക്കെങ്കിലും എതിരായോ വന്നുചേരുക,—ഇവയാണു് അറിഞ്ഞെടത്തോളം നിദാനം. എളുപ്പത്തിൽ ശ്രുതിയോ ആവേശമൊ ഉണ്ടാകുന്ന മനസ്ഥിതി രോഗവർദ്ധനവിനു് വളരെ സഹായകമാണെന്നാണു് ഇതുവരെ കണ്ടെടത്തോളംകൊണ്ടു് മനസ്സിലാകുന്നതു്.

ലക്ഷണങ്ങളം എളുപ്പത്തിൽ തിരിച്ചറിയാം: വല്ല ദിക്കിലും വല്ല സഭയുമുണ്ടെന്നു് കേട്ടാൽ ഇരുന്നെടത്തു് ഇരുത്തംകൊള്ളാതെ രോഗി അസ്വസ്ഥത കാണിച്ചുതുടങ്ങും. സഭാസ്ഥലത്തു് എത്തിച്ചേരുവാൻ വല്ല നിവൃത്തിയുമുണ്ടെങ്കിൽ അയാം അവിടെ എത്തുകയും ചെയ്യും. ആദ്യത്തെ വരിയിൽ ഒഴിവുണ്ടെങ്കിൽ അവിടെയല്ലാതെ രോഗിക്കു് ഇരിക്കുവാൻ ഇഷ്ടമുണ്ടാവുകയില്ല. പ്രസംഗിക്കുവാൻ അധ്യക്ഷനോ മറ്റോ അപേക്ഷിച്ചാൽ രോഗിയുടെ മുഖത്തു് പെട്ടെന്നു ഒരു പ്രസന്നത പരക്കുന്നതു കാണാം. ഇവയാണു് ലക്ഷണങ്ങളം. ചികിത്സയെപ്പറ്റിയും മറ്റും അധികവിവരം പിന്നീടു് ചേർത്തുകൊള്ളാം.

ഇളമയുടെ അരിശം.

കുന്നത്തു് മൂപ്പീന്നിനെക്കാൾ പത്തിരട്ടി ഉറച്ച ഒരു യാഥാസ്ഥിതികൻ നാട്ടിലെങ്ങാനുമുണ്ടെങ്കിൽ, അതു് കുന്നത്തിളമയാണെന്നുള്ള സംഗതി നാട്ടാരെല്ലാം അറിഞ്ഞുകഴിഞ്ഞതാണു്.

തിരുവിതാംകൂർ മഹാരാജാവു് തന്റെ അധികാരസീമയിൽപെട്ട ക്ഷേത്രങ്ങളൊക്കെ അദ്ദേഹത്തിന്റെ മതക്കാരായ എല്ലാ പ്രജകൾക്കും തുറന്നുകൊടുത്തു എന്നു കേട്ടപ്പോൾ രണ്ടുമൂന്നു പ്രധാനക്ഷേത്രങ്ങളുടെ ഉരാളനായ മൂപ്പീന്നിനെ ചെന്നുകണ്ടു്, ഈ വിഷയത്തിൽ അദ്ദേഹത്തിന്റെ അഭിപ്രായം അറിയുവാനായി പത്രപ്രതിനിധികളിൽ പലരും കുന്നത്തു് കളപ്പുരയിലെത്തിച്ചേർന്നു.

പക്ഷെ അതിസമർത്ഥനായ മൂപ്പീന്നിനോടു് അവരുടെ പിട്ടും പിരട്ടുമൊന്നും പറ്റിയില്ല. അദ്ദേഹം ഒരു മണിക്കൂറനേരം സംസാരിച്ചു് ഒന്നും പറയാതെ കഴിച്ചുകൂട്ടി. പിന്നീടു് ആ സംഭാഷണത്തെ പത്രപരമ്പതികളിലേക്കു് വാങ്ങുകളിൽ പകർത്തുവാൻ ശ്രമിച്ചപ്പോളാണു് റിപ്പോർട്ടർമാർ കൊള്ളംകൂടിച്ചതു്. മൂപ്പിന്നു് എന്തായിരുന്നു പറഞ്ഞതു്? വളരെപ്പറഞ്ഞു; ഒന്നുംപറഞ്ഞില്ല! അവരും അങ്ങിനെ അങ്ങുമിങ്ങും തൊടാത്തരീതിയിൽ ഒന്നെഴുതിയുണ്ടാക്കി.

ഒരു പത്രത്തിലെ റിപ്പോർട്ടു് ഇങ്ങിനെയായിരുന്നു:

മി: കുന്നത്തു് മൂപ്പീന്നു്.

"ക്ഷേത്രപ്രവേശനവിളംബരത്തെപ്പറ്റി ഞങ്ങളുടെ സ്വന്തം പ്രതിനിധിയോടു് മി: കുന്നത്തു മൂപ്പീന്നു് ഇങ്ങിനെ പറഞ്ഞു: തിരുവിതാംകൂർ മഹാരാജാവു് തന്റെ കീഴിലുള്ള ക്ഷേത്രങ്ങളം അവർണ്ണർക്കു തുറന്നുകൊടുത്തതു് ഒരു പ്രധാനസംഭവമാണെന്നു പറയാതെ കഴിയുകയില്ല. മഹാരാജാവിനെ അക്കാര്യത്തിൽ പിന്തുടരുവാൻ ബ്രിട്ടീഷുമലബാറിലെ ക്ഷേത്രാധികാരികൾക്കു് ബാധ്യതയില്ലെന്നാണു് ഞാൻ വിചാരിക്കുന്നതു്. അവരങ്ങിനെ ചെയ്യുമോ എന്നു് പറയുവാൻ മാത്രം ജ്യോതിഷം ഞാൻ പഠിച്ചിട്ടില്ല.

എന്നെസ്സംബന്ധിച്ചെടത്തോളം ആ പ്രശ്നം ഉപപന്നമായിക്കഴിഞ്ഞിട്ടില്ല. ഉപപന്നമാകുന്ന കാലത്ത് എന്റെ അഭിപ്രായം എന്തായിരിക്കുമെന്നത് പരിതഃസ്ഥിതികളെ ആശ്രയിച്ചിരിക്കും. അവധാനപൂർവ്വം ചെയ്യേണ്ട കാര്യമാണത്"

മി: മൂപ്പീന്നിന്റെ മാമൂൽപ്രതിപത്തിയെക്കുറിച്ച് നിങ്ങൾ എത്ര വിചാരിച്ചാലും ശരി, അദ്ദേഹം അതിബുദ്ധിമാനായ ഒരു നയജ്ഞനാണെന്നുള്ളതിൽ പക്ഷാന്തരമുണ്ടാവാൻ തരമില്ല. പാഞ്ഞെടത്തോളം ശരി. ഒരിടത്തും അപകടമില്ല. മഹാരാജാവിന്റെ വിളംബരം പ്രധാനമല്ലേ? തിരുവിതാംകൂർ നിർദ്ദേശിക്കുന്ന വഴിയിൽ മലബാർ പോയ്ക്കൊള്ളേണമെന്നു നിയമമോ, മാമൂലോ, മര്യാദപോലുമോ ഉണ്ടോ? മറവുള്ളവരുടെ കാര്യം മൂപ്പീന്ന് എങ്ങിനെ പറയും? അദ്ദേഹത്തെ സംബന്ധിച്ചെടത്തോളം, ഇക്കാര്യത്തെക്കുറിച്ച് ആലോചിക്കാൻ അദ്ദേഹത്തെ നിർബന്ധിക്കുന്ന അടിയന്തരഘട്ടം വല്ലതും എത്തിച്ചേർന്നിട്ടുണ്ടോ? വിദൂരഭാവിയിൽ, പല കാരണങ്ങളെക്കൊണ്ടും ഉണ്ടായേക്കാവുന്ന ഒരു ഘട്ടത്തിൽ, തന്റെ അഭിപ്രായഗതി എങ്ങിനെയിരിക്കുമെന്ന്, അന്നത്തെ പരിതഃസ്ഥിതിയും, പ്രസ്തുത കാരണങ്ങളിൽ ഏതാണ് പ്രവർത്തിക്കുന്നതെന്നുമറിയാതെ, മുൻകൂട്ടി വല്ലതും പറയാൻ കഴിയുമോ?—അതെ; ഇല്ല; പറയാൻ നിവൃത്തിയില്ല; ഇല്ല; കഴിയുകയില്ല! മറുപടികളെപ്പറ്റി സന്ദേഹമേയില്ല! ബുദ്ധിമാൻ പറയുമ്പോഴും ബുദ്ധിമാൻ പറയുന്നതുപോലെ ചിരിക്കും!

പക്ഷെ ഇളമയുടെ കഥ അതല്ല. അങ്ങോക്ക് മൂപ്പീന്നിന്റെ ബുദ്ധിശക്തിയില്ല. മൂപ്പരുടെ അരികിൽ പെട്ടെന്ന് പത്രപ്രതിനിധികളാരും പോയില്ല. ഒട്ടുക്കും ഒരു രസികൻറിപ്പോർട്ടർ, വായനക്കാക്ക് എന്തെങ്കിലും ഒരു തമാശയിരിക്കട്ടെ, എന്നു വിചാരിച്ച് ഇളമയേയും ചെന്നു കണ്ടു. മേപ്പടി റിപ്പോർട്ടരുടെ റിപ്പോർട്ടാണ് താഴെ ചേർക്കുന്നത്:

"ഞാൻ കുന്നത്ത് ഇളമയുടെ അടുത്തു ചെന്നു. ഞാൻ പത്രറിപ്പോർട്ടരാണെന്നു കേട്ടപ്പോഴത്തന്നെ അദ്ദേഹത്തിന്റെ മുഖത്ത്, ക്ഷോഭത്തിന്റെ പ്രത്യക്ഷലക്ഷണങ്ങൾ കാണപ്പെട്ടു. അദ്ദേഹം ഇങ്ങിനെ പറഞ്ഞു:

'എന്താ വന്നത്? ബാക്കിയുള്ളവരുടെ അഭിപ്രായം അറിഞ്ഞു പത്രത്തിലെഴുതിയതിനു ശേഷമെങ്കിലും എന്നെ വന്നു കാണാൻ നിങ്ങൾക്ക് തോന്നിയല്ലോ! ഭാഗ്യം! ഇന്ന് എന്റെ അഭിപ്രായത്തിന്ന് നിങ്ങൾക്ക് വിലയില്ലെങ്കിൽ നാളെ ഉണ്ടാകുമെന്നെനിക്കറിയാം. അന്ന് ഞാൻ പറഞ്ഞുതരാം!'

എന്റെ അഭിപ്രായമോ? ഓ, ഹോ, പറയാം! കടലാസ്സുകാരെപ്പേടിച്ച് ഞാൻ അഭിപ്രായം തുറന്നു പറയാതിരിക്കുന്ന കൂട്ടത്തിലാണെന്നുള്ള വിഡ്ഢിത്തമൊന്നും വിചാരിക്കണ്ട, കേട്ടോ? പത്രങ്ങളെ ആശ്രയിച്ചല്ല ഞാനിതുവരെ കഴിഞ്ഞുകൂടിയത്; പത്രങ്ങൾ വായിക്കുന്ന ബുദ്ധിശൂന്യന്മാരെ ആശ്രയിച്ചുമല്ല;—മനസ്സിലായോ?


അതെ: എന്റെ അഭിപ്രായം തന്നെയാണ് പറയുന്നത്. കേട്ടോളൂ: ഈ ക്ഷേത്രപ്രവേശന വിളംബരം അത്യുപായകരവും നിരർത്ഥകവുമായ ഒരു സംരംഭമാണെന്ന് ഞാൻ വിചാരിക്കുന്നു. അത് ഇവിടെ ബാധകമാക്കുവാൻ ശ്രമിക്കുന്നത്, അയൽനാട്ടിലുള്ള പ്ലേഗ് തൻനാട്ടിൽ പരത്തുവാൻ പാടുപെടുന്നതുപോലെയാണ്. ഞാൻ അതിന്ന് അനുകൂലിക്കുകയില്ല. മൂപ്പീന്ന് അനുകൂലിച്ചാൽ, ഞാൻ അനുസരിക്കണമെന്നില്ല. എന്റെ കീഴിലുള്ള അയ്യപ്പൻകാവിൽനിന്ന് ഞാൻ ശൂദ്രജാതിയെത്തന്നെ ബഹിഷ്കരിക്കുവാനാണ് ഭാവം. അവിടെ ആരുടെ കല്പന നടക്കുമെന്നു നോക്കട്ടെ!

മൂപ്പീന്നിന്റെ ക്ഷേത്രങ്ങൾ മൂപ്പീന്ന് തുറന്നു കൊടുത്താലോ? എന്നോ? ഞാൻ മൂപ്പീന്നായാൽ അവയൊക്കെ വീണ്ടും പൂട്ടിക്കും. അതുതന്നെ. അതിനെതിരായി നിയമമുണ്ടെങ്കിൽ, ആ നിയമം ഞാനൊന്നു കാണട്ടെ!

ഇല്ല; ഈ ക്ഷേത്രപ്രവേശനവിളംബരത്തോട് യാതൊരാനുകൂല്യവും എനിക്കില്ല. എനിക്കു പറയാൻ ഒരു മടിയുമില്ല. അത് ആരറിഞ്ഞാലും എനിക്ക് ഒരു പുല്ലുമില്ല. ഞാൻ പറഞ്ഞതിൽ പ്രതിഷേധസ്വരം മതിയാകുവോളം പുറപ്പെടുന്നില്ലെങ്കിൽ, ആ വഴിക്ക് എത്രയെങ്കിലും ശക്തികൂട്ടുവാൻ ഞാൻ തന്നെ അധികാരപ്പെടുത്തിയിരിക്കുന്നു. തനിക്കിനിപ്പോകാം!"

ഇളമകം ഇങ്ങിനെ അരിശംകൊണ്ടാൽ എങ്ങിനെ കഴിഞ്ഞുകൂടുമെന്നാണ് ഞങ്ങൾ ചോദിക്കുന്നത്.

സഞ്ജയൻ: പുസ്തകം I. ലക്കം 9.



വൃദ്ധനും, മകനും, കഴുതയും.

ഞങ്ങളുടെ ചിത്രപ്രശ്നം: കഴുത ആരായിരിക്കും?

ഇക്കൊല്ലത്തെ സാഹിത്യപരിഷത്സമ്മേളനത്തെ സംബന്ധിച്ച് ഏഴു യോഗങ്ങളുണ്ടായിരുന്നുവത്രെ.

ഇവയിൽ 'ഗജകേസരി' യോഗമുണ്ടാകാതിരുന്നതിന്റെ രഹസ്യം പരിഷത്തിന്റെ 'കോമൺസ്' യോഗമായിരിക്കണമെന്ന് സാസ്സാഹിത്യകാരനായ മി: മൂക്കോത്തു കുമാരൻ അനുമാനിക്കേണ്ടിവന്നിട്ടുണ്ടെങ്കിൽ, അതിലെന്താശ്ചര്യം?

* * * *

ഭാര്യ:—(വത്തമാനക്കടലാസ്സു നോക്കിക്കൊണ്ട്) ഒരാൾ അയാളുടെ ഭാര്യക്ക് അയ്യായിരം ഉറുപ്പിക വിലക്കുള്ള ഒരു മുത്തുമാല വാങ്ങിക്കെട്ടത്തുവെന്ന് ഇതിൽ കാണുന്നു. അങ്ങിനെയൊരു സംഭവം എന്റെ ജീവിതത്തിലുണ്ടാകുന്നില്ലല്ലോ!

ഭർത്താവ്:—ആ കടലാസ്സിൽതന്നെ വേറൊരിടത്ത്, വേറൊരാൾ അയാളുടെ ഭാര്യയെത്തല്ലി പല്ലുകൊഴിച്ചു എന്നും കാണാം. അങ്ങിനെയൊരു സംഭവവും നിന്റെ ജീവിതത്തിലുണ്ടായിട്ടില്ലല്ലോ!

ഓട്ടക്കലാഷ്ടകം.

പരസ്പരം മിത്രവദാചരിക്കും
സ്വാത്മൈകതാനതപമിയന്ന മർത്ത്യർ
കായ്കം കഴിഞ്ഞാൽ കൃപവിട്ട നിന്നെ
നൊക്കെയ്ട്ട ചെയ്യുന്നു, മഹാകഠോരം!

കൃപക്കുഴിക്കുള്ളിലമന്നിരിക്കും
നിന്മേനി—'പാളീസ്സ്' പടൈകവർണ്ണം—
നിൻസ്വാമിനിയ്ക്കുള്ള കൃതഘ്നതയ്ക്ക്
ദൃഷ്ടാന്തമായ് നില്പൊരു ദുഷ്ടിശല്യം!

തനിക്കു പെട്ടുള്ള വിപത്തു മറ്റ-
ള്ളോക്കും പിണഞ്ഞീടരുതെന്നുവെച്ചോ,
ആരും മറയ്ക്കാൻ മുതിരുന്ന നിന്മെയ്
കാട്ടുന്നതോട്ടക്കലമേ, മഹാൻ നീ?

നിനക്കു വന്നെത്തിയ കഷ്ടമോർത്തീ-
ക്കവിയ്ക്കുള്ളിൽ പരിതാപമുണ്ടേ!
പാരന്റെ ദുഃഖത്തിലലിഞ്ഞിടാത്തോ-
നാരാകിലും, സാർ, കവിയല്ലതന്നെ!

താരുണ്യലാവണ്യവിലാസവാസ്തി-
ലുള്ളം മയക്കീടിന നിൻറെ ഗാത്രം
കണ്ടോലയ്ക്കുന്ന വിധത്തിലായി-
ക്കഴിഞ്ഞു: ഹാ, ഹന്ത! മടങ്ങു കണ്ണേ!

അട്ടക്കളയ്ക്കുള്ളിലിരിക്കവേ, നിൻ
സാഹായ്യമാവശ്യമായിരിക്കേ,
ഇടയ്ക്കിടക്കേതൊരു ജോലിവിട്ടും
നിന്നെക്കളിപ്പിച്ചവരിപ്പൊഴെങ്ങോ!

വയസ്സുകൂട്ടും പ്രസവിത്രികൾക്ക്
കലത്തൊടുള്ളാർദ്രത സുപ്രസിദ്ധം;
മുത്തശ്ശിമാർ കൂടി വെടിഞ്ഞ നിൻറെ
കായ്കം കഥിപ്പാൻ കവിയും കഴങ്ങും.

സമസ്തവസ്തുക്കളെ മീവഴിക്കു
പോക്കാണ്; ഹാ, നീ കരയൊല്ല കണ്ണേ!
പരന്നു നിൽക്കും ദുനിയാവിലാക്ക-
മിതൊന്നുതാനെൻ കലമേ, കലാശം!

ഫലശ്രുതി.

ഓട്ടക്കലാഷ്ടകമിദം
പ്രാതരുത്ഥായ യഃ പഠേൽ
അവൻ സ്വർഗ്ഗത്തിലെത്തിപ്പോം
സൂക്ഷിക്കാതെ നടക്കുകിൽ!

ഇരാവാൻ.

മി: പാലാട്ടിന്ന് പ്രത്യക്ഷപത്രം.

പ്രഭോ,

അങ്ങെയ്ക്ക് മംഗലം ഭവിപ്പതാക!

1 അങ്ങുന്ന് മലബാറിലെ ജന്മിമാരുടെ പ്രതിനിധ്യം വഹിച്ച് മദ്രാസ് നി. നി. സഭാംഗമായിരിക്കുവാൻ ഒരുങ്ങിയിറങ്ങിക്കഴിഞ്ഞുവെന്നും:

2 ആ ഉദ്ദേശ്യസാധ്യത്തിന്നായി, വെറുമൊരാളുടെ നിലയിലും ഡി. ബോ. പ്രസിഡെണ്ടിന്റെ നിലയിലും അടുക്കുന്ന കസത്തൊക്കെ അങ്ങുന്ന് കളിക്കുന്നുണ്ടെന്നും;

3 ഓരോ സ്ഥാനാർത്ഥിയുടെയും യോഗ്യതായോഗ്യതകളെക്കുറിച്ച് സ്വതന്ത്രമായാലോചിച്ച്, നിഷ്പക്ഷമായി തീർപ്പുകല്പിക്കുവാൻ തക്കണിയുള്ളവരെന്ന് അനുമാനിയ്ക്കുന്നവുന്ന ചില വിദ്യാസമ്പന്നന്മാരും വകതിരിവുള്ളവരും കൂടി, അങ്ങയെ ഈ സംരംഭത്തിൽ തിവിധകരണങ്ങളെക്കൊണ്ടും സഹായിക്കുന്നുണ്ടെന്നും;

4 ഇല്ലട്ടരുടെ ആനുകൂല്യത്തിന്റെ ഫലമായി ഒട്ടക്കം, ഒരുവേള, അങ്ങുന്ന് പ്രസ്തുത നി. നി. സഭയിൽ ചടിവീണേക്കുവാൻതന്നെ ഇടയുണ്ടെന്നും

5 അറിഞ്ഞത് ഞാൻ വളരെ സന്തോഷിക്കുന്നു എന്നെനിക്ക്, മനസ്സാക്ഷിയെ വഞ്ചിക്കാതെ, പറയുവാൻ കഴിയുകയില്ല. പക്ഷെ, ഇക്കാര്യത്തിൽ വ്യസനിച്ചിട്ട് വളരെയൊന്നും പ്രയോജനം കാണാത്തതുകൊണ്ട്, വ്യസനിക്കുവാനും ഞാൻ തീരുമ്പെട്ടിട്ടില്ല.

6 തങ്ങളുടെ പ്രതിനിധിയായി അങ്ങയെത്തന്നെ ലഭിക്കുവാനാണ് മലബാറിലെ ജന്മിമാരുടെ യോഗമെങ്കിൽ, അങ്ങിനെതന്നെ സംഭവിക്കട്ടെ! ദൈവഗതി അപ്രതിഹതമല്ലോ!

7 പ്രഭോ, ജന്മികളുടെ പ്രതിനിധ്യം വഹിക്കുവാനുള്ള അവിട്ടത്തെ അർഹതയെപ്പറ്റി ഇങ്ങ് ചോദ്യമോ, സന്ദേഹമോ ഉണ്ടെന്ന് ഇവിടെ, തൽക്കാലം, ഞാൻ പറയാൻ ഒരുങ്ങുന്നില്ല അതുല്ല യോഗ്യം. ഡിസ്ട്രിക്ട് ബോർഡ് പ്രസിഡെണ്ടിന്റെ നിലയിൽ മലബാറിലെ പൊതുജനങ്ങൾക്ക് മുഴുവൻ ഏറിയോരു കാലമായി പരിചിതനും, പ്രസിഡണ്ടിന്റെ നിലയിൽത്തന്നെ പ്രദർശിപ്പിച്ച ഭരണനൈപുണ്യം ഹേതുവായി സമാരാധ്യനുമായിക്കഴിഞ്ഞ അങ്ങുന്ന് എന്തിനു നാ

8

നാറിൽ കുറഞ്ഞ വോട്ടർമാരടങ്ങിയ ഒരു ചെറിയ നിയോജകമണ്ഡലത്തിന്റെ പ്രതിനിധിയായി നിൽക്കുവാനൊരുങ്ങി? അതാണ് ചോദ്യം: ഞങ്ങളെയൊക്കെ വിഷമിപ്പിക്കുന്ന ചോദ്യം.

നിസ്വാർത്ഥനായി ജില്ലയിലെ ജനങ്ങൾക്കു വേണ്ടി സുഖസൌകര്യങ്ങളെ നിയമേന ത്യജിച്ച് വേലചെയ്ത ഒരു പൊതുജനപ്രവർത്തകൻ; സി. എഫ്. ആൻഡ്രൂസിനെപ്പോലെ കവിഞ്ഞു നിൽക്കുന്ന ഒരു ദീനബന്ധു; പരേതനായ സി. ആർ. ദാസിനെക്കാൾ ഉത്തമനായ ഒരു ദേശബന്ധു; ഗാന്ധിജിയുടെ സ്ഥാനംകൂടി, ഒരു പക്ഷെ, ഗോപിയാക്കാൻ മിടുക്കുള്ള ഒരു മഹാത്മാവ്; സുധാരണയായി, ഗുണം വാ, ദോഷം വാ, അധികമൊന്നും പറയുന്ന സമ്പ്രദായക്കാരല്ലെങ്കിലും, അവസരവും, ആവശ്യവും വേരിട്ടാൽ, പഴയ ഡെമോസ്തനീസ് മുതൽപ്പേരെപ്പോലും തോല്പിച്ച് ഇന്നംപാടിക്കാൻ ശേഷിയുള്ള ഒരു വാചാലൻ;—ഹാ, ഏതേതു വിധത്തിൽ അങ്ങുന്ന് ഞങ്ങളുടെ സ്നേഹത്തെയും, ഭക്തിയെയും, ആദരവിനെയും അർഹിച്ചുകഴിഞ്ഞിട്ടില്ല!

പ്രഭോ, പക്ഷെ അങ്ങയുടെ ഭരണനൈപുണ്യത്തിന്റെയും, പൊതുജനസേവാവ്യഗ്രതയുടെയും സ്വാദു നല്ലപോലെ അനുഭവിച്ചറിഞ്ഞിട്ടുള്ള ഞങ്ങളിൽ മുക്കാലെ അരക്കാലും പേർ ജന്മിമാരല്ല; മുന്നൂറുറുപ്പിക പോയിട്ട്, മുപ്പതുറുപ്പികപോലും ജമയുള്ളവരല്ല. ഈ സ്ഥിതിയിൽ പോളിങ്ങ്ബൂത്തിൽ, അഹമഹമികയാ, ആയിരക്കണക്കായിതിങ്ങിത്തിരക്കിക്കയറി അങ്ങയ്ക്ക് വോട്ടുതന്ന് ചാരിതാർത്ഥ്യമടയുവാനുള്ള അവസരം ഞങ്ങൾ മേലിലൊരിക്കലും കിട്ടാനിടയില്ലാത്ത വിധത്തിൽ നഷ്ടപ്പെട്ടവരല്ലോ എന്നാണ് ഞങ്ങളുടെ വ്യസനം. ഹാ, പ്രഭോ! ജനങ്ങളുടെ ഇടയിൽ അവിടത്തെക്കുറിച്ചുള്ള മതിപ്പിൽ വിശ്വാസം മതിയാകാത്തതുകൊണ്ടാണോ അവിടന്ന് പത്തുനാനൂറു വോട്ടർമാർ മാത്രമുള്ള ജന്മി നിയോജകമണ്ഡലത്തെത്തന്നെ ശരണം പ്രാപിക്കുവാനൊരുങ്ങിയത്? അങ്ങിനെയാണെങ്കിൽ, അതു വലിയ കഷ്ടമായിപ്പോയി! അങ്ങയ്ക്കു വോട്ടുചെയ്വാൻ വെമ്പുന്ന ഈ കൈയുടെ ഉരിപ്പ് ഞങ്ങൾ എന്ന്, എങ്ങിനെ, മാറും? അങ്ങയെ നി. നി. സ.യിലേക്ക് തള്ളിക്കേറ്റി അയക്കുവാൻ ഞങ്ങളുടെ കൈക്കുടിച്ചേന്നുവല്ലോ, എന്ന കൃതാർത്ഥത ഞങ്ങൾക്ക് എനിയെന്നു കിട്ടും? ഒരിക്കലും കിട്ടുകയില്ല. എനിയൊരു തിരഞ്ഞെടുപ്പ് ഉണ്ടാകുന്ന കാലത്തു് മെമ്പറായി ഇരുന്ന് ഇരിപ്പിടത്തിന്ന് മൂട്ടപിടിപ്പിച്ച് അങ്ങെയ്ക്ക് ഇതിലൊക്കെ ഒരു മടുപ്പ് വന്നുകഴിഞ്ഞിട്ടുണ്ടായിരിക്കുകയില്ലെന്ന് ആർക്കു പറയുവാൻ കഴിയും?

ആഥവാ, അതൊക്കെ പറഞ്ഞിട്ടെന്തു കാര്യം? അവിടുന്ന് ജന്മിമാരുടെ പ്രതിനിധിയാകുവാനൊരുങ്ങി. അവിടത്തെപ്പറ്റി ഞങ്ങൾക്കുള്ള ആന്തരമായ അഭിപ്രായം സ്വകാര്യവോട്ട വഴിയായി രേഖപ്പെടുത്തുവാനുള്ള സ്വാതന്ത്ര്യവും, അവസരവും ഞങ്ങൾക്ക് അവിടുന്ന് നിഷേധിക്കുകയും ചെയ്തു. ജന്മിമാർ അവരുടെ യുക്തം പോലെ ചെയ്തുകൊള്ളട്ടെ; അതിൽ ഞങ്ങൾക്ക് ചോദ്യമില്ല; അവരെന്തു ചെയ്താലും ആവലാതി ഉണ്ടാവുകയുമില്ല. അങ്ങുന്ന് പ്രതിനിധീകരിക്കുവാനുദ്ദേശിക്കുന്ന നിയോജകമണ്ഡലത്തിൽ വോട്ടില്ലാത്ത സ്ഥിതിയിൽ, ഞങ്ങൾക്ക്, വേണമെങ്കിൽ, ഒരു കാര്യം ചെയ്യാം. അങ്ങയുടെ തിരഞ്ഞെടുപ്പിനെ സംബന്ധിച്ച് ഈ പൊതുനിയോജകമണ്ഡലത്തിലെ വോട്ടർമാരായ ഞങ്ങളിൽ സുമാർ തൊണ്ണൂറൊമ്പതു ശതമാനവും ആശിക്കുന്ന ഫലം വന്നു ചേരേണമേ! എന്ന് സർവശക്തനോട് പ്രാർത്ഥിക്കാം. അതു ഞങ്ങളും സർവാത്മനാ ചെയ്യുന്നു.

പ്രഭോ! മഹാത്മൻ! ദേശബന്ധോ! അങ്ങുന്ന് ദീർഘായുസ്സോടുകൂടി ഇരിപ്പൂതാക! എന്ന് ആശംസിച്ചുകൊണ്ട് ഞാൻ, ഭക്തിവിനയബഹുമാനവാത്സല്യാദരങ്ങളോടുകൂടി, ഈ പ്രത്യക്ഷപത്രികയെ, അങ്ങയുടെ തൃപ്പാദങ്ങളിൽ സമർപ്പിച്ചുകൊള്ളുന്നു.

എന്നു്,

പൊതുനിയോജകമണ്ഡലത്തിലെ

ഒരു വോട്ടർ.

മഹാകവിപദലബ്ധിയിൽ ഉള്ളൂരിനെ അനുമോദിച്ചുകൊണ്ട് സാഹിത്യപരിഷദ്യോഗത്തിൽ വെച്ച് ഒരു പ്രമേയം പാസ്സാക്കപ്പെട്ടിരിക്കുന്നു.

ഉള്ളൂരിന്റെ മഹാകവിത്വം, ഇതു വൈകീട്ടെങ്കിലും കണ്ടുപിടിച്ചതിനു് തിരുവിതാംകൂർ സർക്കാരിനെ അനുമോദിച്ചുകൊണ്ടുള്ള ഒരു പ്രമേയം അവിടത്തെ നി. നി. സഭയിലും അവതരിപ്പിക്കേണ്ടതാണെന്നു് ഞങ്ങൾക്ക് അഭിപ്രായമുണ്ടു്.

വിപ്ലവാഹ്വാനം.

അയ്യയ്യോ! അതു പരന്നുപോയി: വിപ്ലവത്തിന്റെ വിളി! ഏതാനും മാസങ്ങൾക്കു മുമ്പ് അത് സാഹിത്യപരിഷത്സമ്മേളനവേദിയിൽ നിന്ന് മുഴങ്ങീട്ടേയുള്ളൂ. ഇപ്പോഴിതാ സകലടിക്കിലും മേപ്പടി വിളിയുടെ ഭീകരമാറ്റൊലിയല്ലാതെ കേൾപ്പാനില്ല. സകലടിക്കിലും! സകലർംഗത്തിലും! സാഹിത്യത്തിൽ മാത്രമല്ല, സകലസമസ്തസർവാഖിലനിഖിലജീവിതവിഭാഗങ്ങളിലും അതെത്തിപ്പോയി. താഴെ ചേക്കുന്ന സാമ്പിളം ചങ്ങലംപരണ്ടയിലെ ഒന്നാം നമ്പർ കള്ളഷാപ്പിന്റെ കോലായിൽവെച്ച് ഈയെടെ ഒരു യുവവിപ്ലവകാരന്റെ വകയായുണ്ടായ വിളിയുടെ പകർപ്പാണ്. വൃത്തത്തെ സംബന്ധിച്ചെടത്തോളം, സുബോധമുണ്ടെന്ന് വിചാരിക്കാവുന്ന യുവകവികൾ കൂടി കിളിപ്പാട്ട് വൃത്തങ്ങളെ യാതൊരു ദുഃഖം വാലുമില്ലാതെ കൂട്ടിക്കലർത്തുന്ന സ്ഥിതിക്ക്, മദിരോന്മത്തനും കവിതാകാമിനിയുടെ കടാക്ഷം കിട്ടിക്കഴിഞ്ഞിട്ടില്ലാത്തവനുമായ വിപ്ലവക്കാരനു് എന്തുതന്നെ ചെയ്കൂടാ? എന്നാണ് ഞാൻ ചോദിക്കുന്നത്.

വരികയുവസാഹിത്യകാരരേ, മുപ്പത്തിമൂന്നാംവയസ്സിനെത്തീണ്ടാത്ത ലോകരേ,
പല പഴയ പത്രാധിപന്മാർ നിർദ്ദയം
പകകരുതി നെക്കൌട്ടചെയ്ത സമ്മാന്യരേ,
പഴമയിഹ പുതുമകലരാത്തതെന്നോത്തു, തന്നമയെത്തല്ലിയോടിക്കുന്ന പൂജ്യരേ,
പ്രതിദിനവുമുഷസിയൊരു ടീസ്പൂണിലെങ്കിലും
വിപ്ലവം സേവിച്ചിടുന്ന സമാന്യരേ,
അനുനിമിഷമതികപടവേഷങ്ങൾ കൈക്കൊണ്ടു
മിസ്റ്റിക്കു 'മിസ്സി'യെത്തേടുന്ന വീരരേ!
പഴകിയൊരു കുടിലിനടെ കോലായിലിങ്ങിനെ
കഷ്ടം! കുനിഞ്ഞിരുന്നീടുന്നതെന്തഹോ?
വരിക, വരികാക്കീറനാറക്കുടിൽവിട്ടു
കേളിയേറീടുന്നൊരിക്ലബ്ബിലിപ്പോരെ!
വിട്ടുക, വിട്ടുകാക്കയ്യിലുള്ള വസ്ത്രക്കെട്ടു
സ്സൺലൈറ്റുകൊണ്ടു കൈ ശുദ്ധമാക്കീടുവിൻ!
അധികഫലമതിവിശിഷ്ടരുചിയുമൊന്നാരാപ്പുഴുമുളംകുറ്റി നാം കൈവെടിഞ്ഞീടണം.
പലരുടെ കരങ്ങളിൽ പതിക്കിടന്നൊരാ
കണ്ണാഞ്ചിരട്ട,—ഛീ! കണ്ണടിമ്മട്ടെ ഞാൻ!
ഒരുഗ്രണവുമൊരുരസവുമൊരുതര'മുഷാ'മേ
ചേരാത്തൊരാ'ട്ടോഡി' വെള്ളം കുടിക്കയോ?
അധികടിനമൊരുഭരണിതന്നിൽക്കിടക്കയു-
മായിരം മക്ഷികാ മുങ്ങിമരിക്കയും,
പലരുമിഹ കൈകൊണ്ടു കോരിക്കുടിക്കയും,
പാത്രത്തിലൊക്കെപ്പതഞ്ഞു പൂളിക്കയും,
ഇതി ജഗതി നിസ്സുഖം നിന്ദ്യമായ് നിന്നിട്ടും
മദ്യമുത്തമമിക്ക 'ഗൽത്ത' പാസ്സാകുവിൻ!

ഇവളെയൊരുടിക്കിലും നിത്യവാൻ പാടില്ല;
ലാത്തിയെടുക്കണം കള്ളിന്റെനേരെ നാം.
ചില പഴയ കാണ്ണവന്മാക്കിവം സായാഹ്നതേവിടിപ്പെണ്ണായി നെന്നെങ്കിലെന്തഹോ?
അവരുടെയ പഴയ കറിയോടുകൂടിജ്ജവാൽ
'ബാനിഷ്ഷു' ചെയ്യണം നാട്ടിൽനിന്നിക്ഷണം.

ബഹുരസമൊടിത്തിരിക്കിഞ്ഞൊട്ടനോക്കുവിൻ!
വിപ്ലവസ്സപ്പൈ നിരഞ്ഞൊരിക്കുപ്പിനെ!
ഇവിടെയൊരുകുറവുനഹി, വന്നിരിക്കാംനല്ലൊരീസീക്കസാലയുണ്ടാരാമത്തിലിൽ.
ഒരുകഥയുമുള്ളിലോത്തീടേണ്ട, ചൊല്ലേണ്ട,
നിർലജ്ജമിങ്ങാഗമിക്കുമാത്തനപിയാം.
കനകരുചി കലരുമൊരു കോമളാംഗത്തിനെച്ചിത്രമാം ജാക്കറുകൊണ്ടൊട്ടുമൂടിയും,
അമിതമധുരസമൊരുവിധത്തിലമ്മുവാനത്തമാംഗത്തിനു കൊക്കിട്ടുനിത്തിയും,
സ്ഫടികസമഹൃദയമതുമൊട്ടൊട്ട കാട്ടിയും,
സ്വൈരയും ചെന്നു മന്ദം മയക്കിയും,
പുറകിലൊരു ചെറിയവലയാപാദമസ്തകം
പിത്തലാട്ടത്തിനു മാത്രമായ് കെട്ടിയും,
പരമരസികാംഗനാ, പാരീസുപട്ടണപ്പുരിഷയുടെ നിസ്തുലസ്തോത്രമാജ്ജിച്ചുവാം!

അരികെവരുമായിരം സാഹിത്യകാരരേ,
വരിക, വരിക്കീവീരവിപ്ലവിയെക്കൈതൊഴാം!
ഹുള്ളുള്ളെയൊഴിക്ക നാം ക്ലാസ്സിലീസ്സൽസുധാമണിയെയനവാസരം സേവിയ്ക്കുതന്നെ നാം!
അവളൊടൊരക്ഷണം മേളിച്ചുവെങ്കിലോ
പരമശിവ! കൊഞ്ചിക്കുഴഞ്ഞുപോമാരുമേ!
ഇതുവിധമൊരുക്കാൻ വിപ്ലവക്കാതലേതിതുവിധമൊർത്യന്തമിസ്റ്റിക്കുമിസ്സിയും!

വരിക യുവസാഹിത്യകാരരേ, പാശ്ചാത്യമദ്യമിന്നൊഴുക്കു തേടിപ്പിടിക്ക നാം.
മഹിയിലിഹ മഹിതതരമദ്യം ലഭിക്കുന്ന
മാഹിയാം പട്ടണം പൂകിസ്സുഖിക്ക നാം!
അനുനിമിഷമവിടമിഹ നമ്മെ ക്ഷണിക്കുന്ന
വിപ്ലവസ്സപ്പൈക്കു പോക നാം ജാഥയായ്!!

ശംഖനാഭൻ.



അപ്രതിഹതം!

"ഏവൂ പൂങ്കഴലിനമഴൽ തോന്നായ്വാനാരീ–
സ്വാതന്ത്ര്യദുർഗാദ്വാവിൽ" കുല്ലുകളമത്രുന്നു,
ആപ്പെരും സ്റ്റീം റോളറിൻ ഗതി രോധിപ്പാൻ വന്ന–
നില്പൊരീക്കക്ഷിക്കാർ തൻ സംരംഭമയ്യോ, ചിത്രം!

ബകായനം. *

വെറുംകവി അട്ടത്തിന്റെ അഭിപ്രായങ്ങൾ.

നിങ്ങളുടെ പാലക്കാട്ടുലേഖകൻ മഹാകവി പള്ളത്തിനെക്കണ്ടു; മഹാകവി പള്ളത്തുമായി രാവണായനത്തെക്കുറിച്ചു ഒരു ദീർഘസംഭാഷണം നടത്തി; അതൊക്കെ മലയാളം ചുരുക്കെഴുത്തിൽ പകർത്തി, പിന്നീട് സാധാരണലിപിയിലാക്കി, പത്രികയ്ക്കയച്ചു; നിങ്ങൾ അതു് പ്രസിദ്ധപ്പെടുത്തി; ഞങ്ങൾ അതു വായിക്കേണ്ടിവന്നു. ഇതൊന്നും പത്രികാവായനക്കാർ മറന്നിട്ടുണ്ടായിരിക്കുകയില്ലല്ലോ. ഞങ്ങളെല്ലാം നിങ്ങളുടെ പാലക്കാട് ലേഖകനു് വച്ചിച്ച ഒരു നന്ദിപ്രമേയം പാസ്സാക്കുന്നു. സഞ്ജയൻ പ്രത്യേകിച്ചും നന്ദി പറയുന്നു. ആന ശാപ്പിട്ടുമ്പോൾ വീണുപോയ വറ കൊണ്ടു് ഉരുമ്പിന്നു് സത്യമെന്നു പറഞ്ഞതുപോലെ, മഹാകവി പള്ളത്തു് സംസാരിക്കുമ്പോൾ വീണതിൽനിന്നു് സഞ്ജയൻ സത്യം കൂട്ടുന്നു.

* * * *

ഇതെത്രിനൊ സാധിച്ചു? പറയാം. ഈ സംഭാഷണത്തിന്റെ റിപ്പോർട്ട കണ്ടതുമുതൽ ഏതെങ്കിലും ഒരു മഹാകവിയെക്കണ്ടു് എന്തിനൊയെങ്കിലും പറ്റി ഒരു സംഭാഷണം നടത്തിയാൽ കൊള്ളാമെന്നു് സഞ്ജയനും ഒരാഗ്രഹം ജനിച്ചു. പക്ഷെ മഹാകവികൾ ദിനംപ്രതിയെന്നപോലെ പലേടത്തും പൊട്ടിമുളച്ചുകൊണ്ടിരിക്കുന്നുണ്ടെങ്കിലും, ചങ്ങലംപരണ്ടയിൽ ഒരൊറ്റ മഹാകവിപോലുമില്ല. ഞാൻ വിചാരിക്കുന്നത് അവിടത്തെ മണ്ണിന്റെ തരക്കേടായിരിക്കുണമെന്നാണു്. വിത്തിന്റെ കാര്യം പറയുകയാണെങ്കിൽ, നമ്മുടെ ശ്രീമാൻ അട്ടത്ത് കുട്ടിച്ചാത്തന്നു് എന്താണു് തരക്കേടു്? അദ്ദേഹം കൊച്ചിയിലോ തിരുവിതാംകൂറിലോ ആയിരുന്നു ജനിച്ചതെങ്കിൽ എത്രയോ മുമ്പ് മഹാകവിയായിപ്പോകുമായിരുന്നു. ആയില്ലെങ്കിൽ, അന്നാട്ടുകാർ അദ്ദേഹത്തെ ബലാൽകാരമായി പിടിച്ചാക്കും. ചങ്ങലംപരണ്ടയിൽ മഹാകവികളെ തടിപ്പിക്കുന്ന വളം പോര. ഒരുവിധം കവികളെയൊക്കെ അവിടെ പരിഹാസമാണു്. അമ്പമ്പോ! ഇത്തിനെ പരിഹാസികളുള്ള ഒരു രാജ്യം നിങ്ങളും കാണുകയില്ല. പരേതനായ ഡോക്ടർ വാസുമൂസ്സിനെള്ളടി അന്നാട്ടുകാക്കു് പരിഹാസമായിരുന്നു: സീനോർ മുസ്സോളിനിയെപ്പോലും അവർ, തഞ്ചംകിട്ടിയെങ്കിൽ, പരിഹസിക്കും.

* * * *

ശ്രീ: കുട്ടിച്ചാത്തൻ—അഥവാ, ഞങ്ങളൊക്കെ വിളിക്കുന്നതുപോലെ, മി: അട്ടത്ത്—കവിത വളരെക്കുറച്ചേ എഴുതീട്ടുള്ളു; തീരെ എഴുതീട്ടില്ലെന്നു പറയുന്നവരുമുണ്ടു്. പക്ഷെ ഞാൻ ചോദിക്കുന്നത് വെറും കവികളാവാൻ മാത്രം കഷ്ടിച്ചു കോളുള്ളവർ മഹാകവികളാവുന്ന ഈ കാലത്തു് കവിതയെഴുതാത്തവനുകൂടി, കവിഹൃദയമുണ്ടെങ്കിൽ, വെറുംകവി ആയിക്കൂടേ? എന്നാണു്. ഇതിനിടെ "മാതൃഭൂമി ആഴ്ചപ്പതിപ്പി"ലെ ബാലപങ്കതിയിൽ നിങ്ങളുടെ ഒരു മഹാകവി എഴുതിയ ഒരു കവിത ഞാൻ വായിച്ചു. അതിൽ "ഈശ്വരനാകുന്ന മഹസ്സിനെ ബുദ്ധിയാകുന്ന തിരികൊളുത്തി" തിരയുവാൻ പ്രസ്തുതമഹാകവികുട്ടിക്കോടു് ആവശ്യപ്പെട്ടിരിക്കുന്നു! എന്റെ മഹാകവേ! തിരികൊളുത്തി തിരഞ്ഞുപിടിക്കേണ്ടിവരുന്ന "മഹസ്സു്" ഒരുവിധം ജാപ്പാൻ മഹസ്സായിരിക്കണമല്ലോ! തലശ്ശേരി മുനിസിപ്പാലിറ്റിയിലെ മണ്ണെണ്ണ വിളക്കുകളെള്ളടി രാത്രികാലത്ത് തിരികൊളുത്തി തിരയേണ്ട; അതുകൊണ്ടുമാത്രം പ്രകാശം അവസ്സാനിക്കുണ്ടു്. ഞാൻ വീണ്ടും ചോദിക്കുന്നു: ഈ വരി എഴുതിയ കവിയെ മഹാകവിയാക്കിയ നാട്ടിൽ, കവിതയെഴുതിയില്ലെങ്കിലും, ഈ മാതിരി കല്ലുവെച്ച നോൺസെൻസ് ഇതുവരെ പറഞ്ഞിട്ടില്ലാത്ത നമ്മുടെ മി: അട്ടത്തിന്നു് വെറുംകവിയായിക്കൂടേ?

"ആയിരം തുലാമിരുമ്പൊക്കവേ
ള്ളുടെത്തന്റെ
വായിലാക്കിനാനൊരു മൂഷികൻ
യസിൻദേശേ'

---

* 1935 സപ്തമ്പ്ര 15-ാം നു-ത്തെ 'കേരളപത്രിക'യിൽനിന്നു്.

തദ്ദേശേ പരുന്താഗ്ര വന്നൊരു
വണ്ണിക്കിൻെറ
പുത്രനെക്കൊണ്ടുപോയെന്നുള്ളതു
വരാത്തതോ?"

വരാത്തതോ?—നിങ്ങടെതന്നെ പറയിൻ! സഞ്ജയൻ പറഞ്ഞാൽ അസൂയയാണ്, ജാതിക്കുന്നാണ്, എന്നൊക്കെ ചിലക്കുവാൻ ആളുകടം നോമ്പും നോറ്റിരിക്കുന്നുണ്ട്.

* * * *

മി: കുട്ടിച്ചാത്തന്ന് കവിഹൃദയമുണ്ടെന്ന് ഞാൻ പറഞ്ഞില്ലേ? കവിത പലരുടേയും കായ്ത്തിൽ പല തരത്തിലുമാണ് വെളിപ്പെട്ടുന്നത്. മി: കുട്ടിച്ചാത്തൻ ഭോജനത്തിൻ കവിത കണ്ടെത്തിയ മനുഷ്യനാണ്. "യത്ര യത്ര സദ്യസ്തത്ര തത്ര കുട്ടിച്ചാത്തഃ" എന്നാണ് ചങ്ങലംപരണ്ടയിലെ നിയമം. അക്കായ്ത്തിൽ ഏതു മഹാകവിയേയും ലജ്ജിപ്പിക്കുന്ന ഭാവനയും, സങ്കല്പശക്തിയും, വാസനയും, ഉദയവും, പ്രതിഭയും, താദാത്മ്യവും, ഏകാഗ്രതയും ഈ ജീവിക്കുണ്ട്. അതുകൊണ്ടാണ്, നാലു വരി കൃഷ്ണഗാഥയെഴുതിയ അപരാധം പോലുമില്ലാത്ത ഈ ദേഹത്തിന്ന് ഒരു വൈരംകവി സ്ഥാനമെങ്കിലും കൊടുക്കണമെന്ന് സഞ്ജയൻ ശിപാർശി ചെയ്യുന്നത്.

* * * *

അക്കഥ നിൽക്കട്ടെ. സഞ്ജയൻ ഇക്കഴിഞ്ഞ ഓണക്കാലത്ത് ചങ്ങലംപരണ്ടയിലെ ഏറാവും ഇടുങ്ങിയ കരിടവഴിയിൽകൂടി നടക്കുമ്പോൾ, മി: കുട്ടിച്ചാത്തൻ (വൈരംകവി അട്ടത്ത്) അഭിമുഖമായി വരുന്നതു കണ്ടു. "പത്രികയ്ക്കു അഞ്ചുകോളം മാറാർ ആയിപ്പോയെ"ന്ന് സഞ്ജയൻ മനസ്സുകൊണ്ടു കുറിക്കുകയും ചെയ്തു. നേരം നല്ല നട്ടുച്ചയായിരുന്നുവെങ്കിലും വൈരംകവി അട്ടത്ത് ഒരു ചൂട്ടും കൊളുത്തി ഇടവഴിയിൽ സൂക്ഷിച്ചുനോക്കിക്കൊണ്ടാണ് നടക്കുന്നുണ്ടായിരുന്നത്. മി: അട്ടത്തിൻെറ യാതൊരു പ്രവൃത്തിയെപ്പറ്റിയും ചങ്ങലംപരണ്ടക്കാർ അത്ഭുതപ്പെടാറില്ലെങ്കിലും, ഇത് കുറച്ച് അസാധാരണമായി എനിക്ക് തോന്നാതിരുന്നില്ല. ഞങ്ങടം തമ്മിൽ താഴെ ചേർക്കുംപ്രകാരം ഒരു സംഭാഷണം നടന്നു.

* * * *

ഞാൻ:—വൈരംകവേ, അവിടുന്നെന്താണ് ഈ ഉച്ചസമയത്ത് ചൂട്ടും കൊളുത്തി നടക്കുന്നത്?

അട്ടത്ത്:—അതോ? ഞാൻ സത്യം തിരയുകയാണ്. ശ്രീബകനെപ്പറ്റി നമ്മുടെ പുരാണകർത്താക്കന്മാരായ അസൂയക്കുട്ടക്കടം—അധികപ്രസംഗികടം—ആയ്ന്മാർ—വൈഷ്ണവന്മാർ—പലതോന്ന്യവാസങ്ങളും പറഞ്ഞിരിക്കുന്നു. അതുകളവാണെന്നു എനിക്കു ദിവ്യദൃഷ്ടികൊണ്ടു മനസ്സിലായിരിക്കുന്നു. അതിൻെറ വാസ്തവസ്ഥിതി ഇപ്പോൾ ഞാൻ വീണ്ടെടുക്കുന്നുണ്ടോ എന്നു നോക്കുകയാണ്.

ഞാൻ:—വൈരംകവേ, അങ്ങുന്നു മുഷിയരുതു്. ഭാരതത്തിൽ പറഞ്ഞ സംഗതികടംകൂടി ചങ്ങലംപരണ്ടയിലെ ഇടവഴിയിൽ തിരഞ്ഞാൽ തെളിവു കിട്ടുന്നത് എങ്ങിനെയാണ്?

അട്ടത്ത്:—(കലശലായ നീരസത്തോടുകൂടി) പിന്നെ എവിടെയാണ് തിരയേണ്ടത്? തൻെറ തലമണ്ടയിലോ? ഭാരതത്തിലല്ലാതെ വേറെ എവിടെയും ശ്രീബകനെപ്പറ്റി എഴുതിക്കാണുന്നില്ല. ഞാൻ എവിടെയെങ്കിലും തിരയണ്ടേ?

ഞാൻ:—(സവിനയം) അവിടുന്ന് കോപിക്കരുത്. എനിക്ക് ഒരു ചോദ്യംകൂടി ചോദിപ്പാനുണ്ട്. (വളരെ, വളരെ വിനയത്തോടുകൂടി) ഈ ചൂട്ട് എന്തിനാണ്?

അട്ടത്ത്:—സാധോ, തനിക്ക് മനസ്സിലായിട്ടില്ല. ഞങ്ങടംക്ക്—കവികടംക്ക്—അങ്ങിനെയൊക്കെ ചില സമ്പ്രദായമുണ്ട്. ഞങ്ങടം മഹസ്സിനെ തിരികൊളുത്തി അനേഷിക്കും; ഞങ്ങടം നട്ടുച്ചക്ക് ചൂട്ട് കൊളുത്തുകയും ചെയ്യും. അതിൻെറയൊന്നും ആനുരാത്ഥം തനിക്ക് എളുപ്പത്തിൽ തലയിൽ കടക്കുകയില്ല. താൻ മിസ്റ്റിസിസം നോക്കീട്ടുണ്ടോ?

ഞാൻ:—ഇല്ല.

അട്ടത്ത്:—(വളരെ പുച്ഛത്തോടുകൂടി) എന്നിട്ടാണോ താൻ എന്നോടു സംസാരിക്കുവാൻ മിനക്കെട്ടുന്നത്!

ഞാൻ:—ഈ മിസ്റ്റിസിസമാണോ?

അട്ടത്ത്:—അതെ.

* * * *

ഞാൻ കുറച്ചുനേരം മൌനമായിരുന്നു. പിന്നീട് വീണ്ടും സംഭാഷണം തുടർന്നു.

ഞാൻ:—ബകനെപ്പറ്റി—

അട്ടത്ത്:—"ശ്രീ"ബകനെന്നു പറയൂ.

ഞാൻ:—ശ്രീബകനെപ്പറ്റി ചിലതൊക്കെ അറിയേണമെന്ന് എനിക്ക് മോഹമുണ്ട്. എന്റെ മോഹം അവിടുന്ന് സാധിപ്പിച്ചുതരണം.

അട്ടത്ത്:—ശ്രീബകന്റെ പുണ്യചരിതം ഒക്കെ മാറാല പിടിച്ച് മറഞ്ഞുകിടക്കുകയാണ്. അതിനെ ആരെങ്കിലും തട്ടിനീക്കണം. കഴിഞ്ഞ കൊല്ലം കൊതുകേറിയിടത്തിലെ പുടമുറിസ്സുദ്ധ്യയുടെ ഉടനുണ് കഴിഞ്ഞു കൈ കഴുകുമ്പോളാണ് പെട്ടെന്ന് ശ്രീബകൻ ഈ വൈഷ്ണവകവികൾ പറയുംപോലെ അത്ര മോശക്കാരനായിരിക്കുവാൻ ഇടയില്ലെന്നും, ഭീമസേനന്നു പല ദോഷങ്ങളുമുണ്ടെന്നും എനിക്ക് പെട്ടെന്ന് തോന്നിയത്. ഞാൻ ഉടനെ തന്നെ ഒരു പ്രസംഗം ചെയ്തു. ആ പ്രസംഗം നാടൊക്കെ ഒന്നിളക്കി മറിച്ചു എന്നു കാണുന്നതിൽ എനിക്ക് അപാരമായ ചാരിതാർത്ഥ്യമുണ്ട്.

ഞാൻ:—വെറുംകയ്യേ, അതുകൊണ്ട് മാത്രം അത്ര ചാരിതാർത്ഥ്യത്തിന്നു ഇടയുണ്ടോ? ആനവലിച്ചാൽ നീങ്ങാത്ത ഒരു വങ്കത്തം ഒരു സഭസ്സിൽ വെച്ച് പറഞ്ഞാലും ആളുകൾ പ്രക്ഷോഭണം കൂട്ടുകയില്ലേ? അവിടുന്ന് പറഞ്ഞത് വങ്കത്തമാണെന്നല്ല വിവക്ഷ; പക്ഷെ ആളുകളുടെ പ്രക്ഷോഭണം പറഞ്ഞ കാര്യത്തിന്റെ സ്വീകാര്യതയ്ക്കു ഒരു മാനദണ്ഡമായി പരിഗണിയ്ക്കപ്പെടാമോ എന്നാണ് എന്റെ എളിയ സംശയം.

അട്ടത്ത്:—ഹോ! താനും തന്റെ എളിയ സംശയവും! വിനയമില്ലാത്ത ധിക്കാരി! മലമ്പനി പരത്തുന്ന കൊതുവിനും, പ്ലേഗ് പരത്തുന്ന എലിക്കും, എന്നെപ്പോലെ ചാരിതാർത്ഥ്യം കൊള്ളാമെന്നല്ലേ താൻ ഉള്ളിൽ ഒതുക്കിയിരിക്കുന്നത്? ഞാൻ ഒരു വെറുംകയ്യനാണെന്ന് താൻ ആലോചിക്കണം. തന്റെ വാക്കുകളിൽ സാധാരണക്കാർ കാണുന്നതിലധികം ചില കുത്തുകൾ ഞാൻ കാണുന്നുണ്ട്. അവ എന്നെ കലശലായി വേദനിപ്പിക്കുന്നുമുണ്ട്! താൻ സൂക്ഷിക്കണം.

ഞാൻ:—വെറുംകയ്യേ, ഞാൻ സൂക്ഷിക്കുന്നുണ്ട്. അതിനെക്കുറിച്ച് ശങ്കയേ വേണ്ട! പക്ഷെ ഇതൊക്കെ സ്വയംകൃതാനർത്ഥമല്ലേ? ഉള്ളതുംകൊണ്ട് ഒരു മുക്കിലിരുന്നാൽ ഈ സൊല്ലകളൊക്കെ ഉണ്ടാകുമായിരുന്നോ? എന്നാണ് പലരും ചോദിക്കുന്നത്.

അട്ടത്ത്:—അപ്പോഴാ സത്യമോ? സത്യം ഒരാളം കണ്ടുപിടിക്കണ്ടേ? ഞാനില്ലെങ്കിൽ സത്യം എന്തുചെയ്യും? (രണ്ടു കണ്ണിലും വെള്ളം നിറഞ്ഞുകെട്ടിക്കൊണ്ട്) സഞ്ജയ, ഞാൻ വലിയ ഗുലുമാലിൽ ആയിരിക്കുന്നു. ഞാനല്ലാതെ ആരാണ് സാധു ശ്രീബകൻ നല്ലവനാണെന്നുള്ളതിന്ന് തെളിവു കണ്ടുപിടിക്കുക?

ഞാൻ:—പറയേണ്ടതൊക്കെ ആണിയടിച്ച് ഉറപ്പിച്ചതിനു ശേഷമാണോ അങ്ങുന്ന് തെളിവിന്ന് അന്വേഷിച്ച് മൂട്ടം കൊള്ളുന്നത്? അത് ആദ്യം ചെയ്യേണ്ടുന്ന പ്രവൃത്തിയായിരുന്നില്ലേ?

അട്ടത്ത്:—(തേങ്ങിക്കരഞ്ഞുകൊണ്ട്.) നിട്ടയൻ, നീട്ടയൻ!—താൻ ഇത്ര—നിട്ടയനാണെന്ന് ഞാൻ—കരുതിയിരുന്നില്ല. എനിക്ക് അങ്ങിനെ ഒരു—ഒരു അബദ്ധം പറ്റിപ്പോയി. അതിനെ ഇങ്ങിനെ മുഖത്തുനോക്കി പറയണമോ? അബദ്ധം ആർക്കാണ് വരാത്തത്?

ഞാൻ:—വെറുംകയ്യേ, അബദ്ധം ആർക്കും വരാം. പക്ഷെ വന്നു എന്നു ബോധ്യപ്പെട്ടാൽ അതു സമ്മതിക്കണം. നട്ടാൽ പൊടിക്കാത്ത വിസ്തീർത്തം വിളമ്പിയതിനു ശേഷവും ഞാൻ പിടിച്ച മുയലിനു കൊമ്പു രണ്ടെന്നു വാദിക്കുന്നതാണ് അബദ്ധത്തിൽ അബദ്ധം. ഇതൊക്കെ ഒരു വെറും സന്ദർശകനായ ഞാൻ അവിടുത്തോട് പറയേണ്ടതല്ല.

അട്ടത്ത്:—ആട്ടെ, സഞ്ജയ. എനിക്ക്, ഈ ശ്രീബകനെപ്പറ്റി കുറെയൊക്കെ പറയുവാനുണ്ടായിരുന്നു. അതു താൻ ദയചെയ്തു കേൾക്കണം. എനിക്ക് ഇന്ന് ലോകത്തിലുള്ള ഏകബന്ധു താനാണെന്നു പറഞ്ഞാൽ എന്റെ സ്ഥിതിയെപ്പറ്റി അധികമൊന്നും പറയേണ്ടല്ലോ. അതുകൊണ്ട് താനെങ്കിലും എന്റെ അഭിപ്രായ

ങ്ങളം ശ്രദ്ധവെച്ച്, ഇടയിൽക്കടന്നു പരിഹസിക്കാതെ, കേൾക്കണം. ഈ ഒരുപകാരം താൻ എനിക്കുവേണ്ടി ചെയ്യണം. ചെയ്യുമോ?

ഞാൻ:—ചെയ്യാം.

അട്ടത്ത്:—അതിനുശേഷം ഞാൻ പറഞ്ഞതൊക്കെ എഴുതിത്തന്നാൽ അത് താൻ പതിവായെഴുതുന്ന പത്രത്തിൽ പ്രസിദ്ധപ്പെടുത്തുകയും വേണം.

ഞാൻ:—പ്രസിദ്ധപ്പെടുത്തേണ്ടതു് പത്രാധിപരല്ലേ? ഞാൻ എഴുതി അയക്കാം.

അട്ടത്ത്:—അയാളം മഹാകവി പള്ളത്ത് രാവണായനത്തെപ്പറ്റി എഴുതിയത്—അല്ല, പറഞ്ഞത്—പ്രസിദ്ധപ്പെടുത്തിയില്ലേ? ആ സ്ഥിതിക്ക് എനിക്ക് ബകായനത്തെപ്പറ്റി പറയുവാനുള്ളത് പ്രസിദ്ധപ്പെടുത്തിക്കൂടേ? ആ യുക്തികൂടി ഇതിൽ ഇല്ലെന്നാണോ താൻ പറഞ്ഞുകൊണ്ടുവരുന്നത്? (വീണ്ടും കരയാൻ ഭാവിക്കുന്നു.)

ഞാൻ:—വെറുംകവി കരയരുത്. ആരെങ്കിലും കണ്ടാൽ അങ്ങയെ ഞാൻ അടിക്കുകയോ മറ്റോ ചെയ്യുമെന്നു വിചാരിക്കും. പറയണം. ശ്രീബകനെപ്പറ്റി പറയുവാനുള്ളത് മുഴുവൻ പറയണം. ഞാൻ ശ്രദ്ധിച്ചു കേൾക്കാം. എഴുതിത്തന്നാൽ പത്രത്തിന്ന് അയച്ചുകൊടുക്കുകയും ചെയ്യാം.

* * * *

അട്ടത്തു ദീർഘമായൊന്നു നിശ്വസിച്ചു. അതിനുശേഷം ചൂട് തല്ലിക്കെടുത്തു് എന്നോടു ഇങ്ങിനെ സംസാരിച്ചു:

അട്ടത്ത്:—സഞ്ജയ, ബകനെ ആളുകൾ വെറുതെ കുറപ്പെടുത്തുകയാണ്. പല ഗുണങ്ങളും അദ്ദേഹത്തിനുണ്ടായിരുന്നു എന്ന് നിഷ്പക്ഷമായി ആലോചിച്ചാൽ മനസ്സിലാകുന്നതാണ്. അദ്ദേഹം കുറച്ച് ഭംഗിയായി ഊണു കഴിക്കും. അതുകൊണ്ടെന്താണ്? നല്ലവണ്ണം ഊണുകഴിക്കുന്നവർ മോശക്കാരായിരിക്കണമെന്നുണ്ടോ? അദ്ദേഹം ഏകചക്രയിലെ നിവാസികളെ പിടിച്ചുതിന്നു എന്നും മറ്റും വെറും അസൂയകൊണ്ടു പറയുന്നതാണ്.

ഞാൻ:—ആരുടെ അസൂയ?

അട്ടത്ത്:—സംശയിക്കാനുണ്ടോ? വൈഷ്ണവന്മാരുടെ. അതു വിസ്തരിച്ചമാണെന്ന് തെളിഞ്ഞാൽ, ആയ്മനാരുടെ. അതും അപകടത്തിലായാൽ, ഉത്തരഇന്ത്യക്കാരുടെ. അവിടെയും നില കിട്ടിയില്ലെങ്കിൽ, ആ താടിക്കാരൻ വ്യാസന്റെ. അതും പൊളിയുകയാണെങ്കിൽ, മഹാബലമില്ലാത്തവരുടെ. ആരുടെയെങ്കിലും അസൂയയില്ലാതെ ഇങ്ങിനെയൊരു പച്ചക്കള്ളം എഴുതപ്പെടുവാൻ ഇടയുണ്ടോ?

ഞാൻ:—ഈ ബകൻ ആരായിരുന്നു?

അട്ടത്ത്:—ഭീമസേനൻ ആര്യനായിരുന്നുവെങ്കിൽ ബകൻ തമിഴനായിരിക്കണം. ഭീമസേനൻ ബ്രാഹ്മണനായിരുന്നുവെങ്കിൽ, അബ്രാഹ്മണൻ. ഭീമസേനൻ വൈഷ്ണവനായിരുന്നുവെങ്കിൽ, ശൈവൻ. അതുയേ പറഞ്ഞുകൂടൂ. അവർ രണ്ടുപേരും ഭിന്നപക്ഷിക്കാരായിരുന്നു. അതിനെക്കുറിച്ചു സംശയമില്ല.

ഞാൻ:—ഭീമസേനന്ന് ബകനെക്കുറിച്ച് അസൂയ തോന്നുവാൻ വല്ല പ്രത്യേകകാരണവും ഉണ്ടായിരുന്നുവോ?

അട്ടത്ത്:—ഉണ്ടായിരുന്നു. ഞാൻ സൂക്ഷ്മമായറിയും. ഹസ്തിനപുരത്തിൽവെച്ച് നടന്ന ഒരു വാരസ്സ്യത്തിന്ന് ഇവർ രണ്ടുപേരും കൂടിയിരുന്നു. അവിടെവച്ചു അടപ്രഥമൻ കുടിക്കുന്ന സംഗതിയിൽ ഒരു കാമ്പററിഷൻ ഉണ്ടായി. ഭീമസേനന്ന് എത്ര ശ്രമിച്ചിട്ടും എഴുന്നൂറ്റി അമ്പത്തെട്ടു പറയിൽ അധികം കഴിപ്പാൻ സാധിച്ചില്ല. ബകൻ എഴുന്നൂറ്റി അമ്പത്തൊമ്പതു പറ കഴിച്ചു; എന്നു മാത്രമല്ല, അതിനുശേഷം ഇരുപതുകുലനേന്ത്രപ്പഴവും ഭക്ഷിച്ചു. "ശാപ്പാട്ടരാമൻ മെഡലും" കപ്പും ബകൻ തട്ടി. ഭീമസേനന്നു ആ അസൂയയായിരുന്നു.

ഞാൻ:—ഈ കഥ എവിടെയെങ്കിലും പറഞ്ഞിട്ടുണ്ടോ?

അട്ടത്ത്:—എവിടെയും കണ്ടിട്ടില്ല. പക്ഷേ എവിടെയെങ്കിലും പറഞ്ഞിട്ടുണ്ടായിരിക്കണം. ഇല്ലാതെ വരാൻ തരമില്ല. അനേകം തമിഴ പണ്ഡിതന്മാർ ഇത് എവിടെയെങ്കിലും കാണുമോ എന്നു പരിശോധിച്ചു നോക്കുന്നുണ്ട്. ഞാനും അതിനുവേണ്ടി പരിശ്രമിക്കുകയാണ്.

ഞാൻ:—അപ്പോഴാ ബകൻ ഏകചക്രയിലെ നിവാസികളെ ഭക്ഷിച്ചു എന്നു പറയുന്നതൊക്കെ കളവാണ്—അല്ലേ?

അട്ടത്ത്:—പിന്നേ! പച്ചക്കളവല്ലേ? ആ അസത്ത്, മഹാപാപി വ്യാസൻ തമിഴരെ കല്ലിച്ചുകൂട്ടി അവമാനിക്കുവാൻ വേണ്ടി എഴുതിയതല്ലേ? ഇബകനൊപ്പോലെ ഇങ്ങിനെ ഒരു സാത്വികൻ ഇതുവരെ ജനിച്ചിട്ടില്ല. നേരെ മറിച്ച് ഭീമസേനന്റെ ചരിത്രത്തിൽ ഒരു വിധത്തിലും സാധൂകരിപ്പാൻ കഴിയാത്ത പല സംഭവങ്ങളുമുണ്ട്. കൂലാലഭവനത്തിൽ രാത്രി സമയത്തു കയ്യേറി കലം മുഴുവൻ പൊളിച്ചതിനെയും മറ്റും പറഞ്ഞു വ്യാസനു് എന്താണ് പറയുവാനുള്ളത്! ആ നമ്പൂരി മി: കൂലാലനു് ആരാണ് വെച്ചുകൊടുത്തത്?

ഞാൻ:—ബകവധത്തിന്റെ വാസ്തവം എങ്ങിനെയാണു്?

അട്ടത്ത്:—പറയാം. പാണ്ഡവന്മാരും കുന്തിയും പട്ടിണിയിട്ടു പല്ലിളിച്ചു നടക്കുമ്പോഴാ ഏകചക്രയിലെത്തി. രാത്രി ഒരു പീടികയുടെ കോലായിൽ കിടന്നുറങ്ങി. ഭീമസേനനു വിശപ്പു കൊണ്ടു് ഉറക്കം വന്നില്ല. ആ വിദ്വാൻ ആഹാരത്തിനു്വേണ്ടി തിരഞ്ഞുനടന്നു് ഒടുക്കം ശ്രീബകമഹാരാജാവിന്റെ രാജധാനിയിലെത്തി. മതിൽ കയറി മറിഞ്ഞു് അട്ടക്കളയുടെ അടുത്തുള്ള എച്ചിൽകുഴിയിലിറങ്ങി ആഹാരസാധനങ്ങളും തിരയുമ്പോഴാ ബകന്റെ വാല്യക്കാർ ഉണ്ടു് ഭീമസേനനെ പ്രഹരിച്ചു. ആ ഈർഷ്യ മനസ്സിൽ വെച്ചുകൊണ്ടു് പിറ്റേ ദിവസം ശ്രീബകന്റെ ഊണു കഴിഞ്ഞ ഉടനെ ഭീമസേനൻ അട്ടത്തുചെന്നു. ശ്രീബകനു് ഊണു കഴിഞ്ഞാൽ മൂന്നു മണിക്കൂർ നേരത്തേക്കു അനങ്ങാൻ വയ്യാ. വല്ലവരെയും സഹായത്തിനു് വിളിക്കാമെന്നു വെച്ചാൽ ശബ്ദവും പൊങ്ങുകയില്ല. ഇതൊക്കെ ഭീമസേനൻ മനസ്സിലാക്കിയിരുന്നു. ആളുകളാരും അടുത്തില്ലാത്ത തക്കംനോക്കി ആ ഘാതകൻ ശ്രീബകന്റെ തലയിൽ ഒരു വലിയ കല്ലു മറിച്ചിട്ടു് ആ പുണ്യചരിതനെ കൊന്നു. ഇങ്ങിനെയാണ് കഥ നടന്നത്.

ഞാൻ:—ഇതും അവിടുന്നു് ദിവ്യദൃഷ്ടികൊണ്ടു് മനസ്സിലാക്കിയതായിരിക്കാം.

അട്ടത്ത്:—അതെ. പക്ഷെ ഇതിനും തെളിവു കണ്ടുപിടിക്കുവാൻ ശ്രമിക്കുന്നുണ്ടു്. ആ വഴിക്കുള്ള ഗവേഷണങ്ങളിലാണ് ഇപ്പോഴത്തെ അധികസമയവും ഞാൻ ചെലവഴിക്കുന്നതു്.

ഞാൻ:—നല്ലതു തന്നെ. പക്ഷെ ആ സമയത്തെ മരക്കിഴങ്ങുകൃഷിക്കു് വിനിയോഗിക്കുന്നതു് കൂടുതൽ ഫലപ്രദമായിരിക്കുകയില്ലേ?

* * * *

ഇതു കേട്ടപ്പോഴാ വെറുംകവി അട്ടത്തു് വല്ലാതെ ക്ഷോഭിച്ചു. തന്റെ കെട്ടുപോയ ചൂട്ടു് വീണ്ടും തീപ്പെട്ടിയുരച്ചു് കൊളുത്തി എന്നോടു് ഒരക്ഷരം പറയാതെ നേരെ പടിഞ്ഞാട്ടു് തിരിച്ചു. ബകായനത്തിന്റെ തെളിവുകൾക്കുവേണ്ടി ഇടവഴിയുടെ ഇരുവശത്തും സൂക്ഷിച്ചുനോക്കിക്കൊണ്ടാണ് നടന്നതു്. ഞാൻ വളരെ നേരം അദ്ദേഹം പോയ വഴി നോക്കിനിന്നു...പാവം! പച്ചപ്പാവം!!...

[ശ്രീ: ആഞ്ജനേയൻ അവർകളുടെ "രാവണായനം" വായിച്ചുനോക്കി അഭിപ്രായം പറയുവാൻ പല സുഹൃത്തുക്കളും സഞ്ജയനോടു് ആവശ്യപ്പെട്ടിരിക്കുന്നു. പക്ഷെ പുസ്തകം എന്റെ കയ്യിലുമില്ല. "സത്യവാദി"യിൽ ആ മഹാഗ്രന്ഥത്തിൽ നിന്നു് ചില വരികളും ഉദ്ധരിച്ചുചേർത്തുകണ്ടു. അവയൊക്കെ അതിലുള്ളതാണെങ്കിൽ, അതു വാങ്ങുവാൻ വേണ്ടിവരുന്ന പണം കുഷ്ഠരോഗനിവാരണഫണ്ടിലേക്ക് കൊടുക്കുന്നതായിരിക്കും നല്ലതെന്നു സഞ്ജയനു തോന്നുന്നു. പത്രികയ്ക്കു് പ്രസ്തുതപുസ്തകം അഭിപ്രായത്തിനു് അയച്ചുകിട്ടിയിരുന്നുവെങ്കിൽ, പത്രാധിപരോടു് അപേക്ഷിച്ചാലെങ്കിലും ഒരു കോപ്പി കിട്ടുമായിരുന്നു. അതു കിട്ടീട്ടില്ലെന്നാണ് അറിയുന്നതു്. എപ്പോഴെങ്കിലും ഒരു പുസ്തകം വെറുതെ—വെറുതെ, എന്നു വെച്ചാൽ, ഒരു മുക്കാൽ പൈസ്സപോലും ചെലവിടാതെ, കേട്ടില്ലേ?—കിട്ടിയാൽ, വേറെ യാതൊന്നും ചെയ്യാനില്ലാത്തപ്പോൾ അതു് വായിച്ചു്, അഭിപ്രായം പറയാം. എന്റെ ദൈവമേ! ഇത്രയുമുണ്ടോ ലോകത്തിൽ വി—വിദ്വാന്മാർ?]

സഞ്ജീവനി.

ഇടക്കാലത്ത് അന്ധവിശ്വാസജടിലമെന്ന് കരുതി പാശ്ചാത്യരും, അവരുടെ ചോട്ട പിടിച്ചനടന്ന പൌരസ്ത്യരും പുച്ഛിച്ചു തള്ളിയ ആയുർവേദൌഷധങ്ങളുടെ അവാച്യമഹിമ കൂടുതലായി നവീനശാസ്ത്രജ്ഞന്മാർപോലും സമ്മതിച്ചു തുടങ്ങിയിട്ടുള്ളത് എല്ലാവരും അറിയുന്ന വസ്തുതയാണല്ലോ.

സജീവങ്ങളായ പച്ചമരുന്നുകൾക്കു മാത്രമേ ജീവനെ നിലനിർത്തുവാനുള്ള അത്ഭുതശക്തിയുള്ളൂ. അത്തരം 96 തരം പച്ചമരുന്നുകൾ ചേർത്ത് ശാസ്ത്രോക്തവിധിയിൽനിന്ന് അണുപോലും വ്യതിചലിക്കാതെ തയാറാക്കപ്പെട്ട ഒരു വിശിഷ്ടൌഷധമാണ് "സഞ്ജീവനി" രസായനം.

പ്രകൃതിയെ അനുസരിക്കാതെ ജീവിക്കുന്നതുകൊണ്ട് വന്നുചേരുന്ന രക്തക്കുറവ്, രക്തദോഷം; ഇവയുടെ അനന്തരഫലങ്ങളായ തളർച്ച, ദീപനക്ഷയം, നാഡികളുടെയും ശ്വാസകോശങ്ങളുടെയും ദൌർബല്യം ഉറക്കമില്ലായ്മ, മനോമൌഢ്യം, മലബന്ധം, പലവിധത്തിലുമുള്ള തപ്തരോഗങ്ങൾ; എന്നിവയെ നിശ്ശേഷം ഭേദപ്പെടുത്തുവാൻ പര്യാപ്തമായ ഒരമൂല്യവരമാണ് "സഞ്ജീവനി"യെന്ന് ദൃഷ്ടപ്രയോഗമായ അതിന്റെ ഫലശ്രുതി ഘോഷിക്കുകയും, അനുഭവസ്ഥന്മാർ ഏകകണ്ഠേന സമ്മതിക്കുകയും ചെയ്യുന്നു.

സുഖവിരേചനംവരുത്തി അതു രക്തത്തിലുള്ള നാനാവിഷങ്ങളേയും കളയുന്നു; പിന്നീട് ശുദ്ധരക്തത്തെ ഉണ്ടാക്കി രക്തക്ഷയത്തെ പരിഹരിക്കുകയും ചെയ്യുന്നു: ഈ രണ്ടുദ്ദേശ്യങ്ങളും ഏകകാലത്തു സാധിക്കുവാനായിട്ടാണ് അതിൽ ഇത്രയും അധികം മൂലികകൾ ചേർത്തിട്ടുള്ളത്.

പഥ്യമില്ലായ്മ; പലഹാരത്തിന്റെരുപോലെ ഏറ്റവും ഹൃദ്യമായ രുചി; പ്രത്യക്ഷഫലം; എന്നിവ സഞ്ജീവനി രസായനത്തെ അമൃതോപമമാക്കിത്തീർക്കുന്നു.

ദേഹപ്രകൃതിക്കും ആശിക്കുന്ന ഫലത്തിനും അനുസരിച്ച് അനുപാനങ്ങൾ മാറേറണ്ടതാകുന്നു. അവയെക്കുറിച്ചും, മാത്ര മുതലായവയെക്കുറിച്ചുമുള്ള നിർദ്ദേശങ്ങൾ മരുന്നിന്റെ കൂടെ അയക്കപ്പെടുന്നതാണ്. മരുന്നിന് ആവശ്യപ്പെടുമ്പോൾ ദേഹപ്രകൃതി, പ്രായം മുതലായ വിവരങ്ങൾകൂടി എഴുതി അയക്കുന്നത് നന്നായിരിക്കും.

വില ഡപ്പി ഒന്നിന് (ഒരു റാത്തൽ) 5 ക.

എൻ. കൃഷ്ണൻവൈദ്യർ, തലായി,

പോസ്റ്റ്: തലശ്ശേരി.

Regd. No. M. 3497.

തിരഞ്ഞെടുപ്പ്.

നിയമസഭകളിലേക്കും, ഡിസ്ട്രിക്ടുബോർഡിലേക്കുമുള്ള ആസന്നമായ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളായി നിൽക്കുവാൻ തീച്ചപ്പെടുത്തിയിട്ടുള്ളവർക്ക് ആവശ്യമായ വിജ്ഞാപനങ്ങൾ, അറിയിപ്പുകാർഡുകൾ, വോൾപോസ്റ്ററുകൾ മുതലായവ വൃത്തിയായി ഭംഗിയിൽ ചെയ്തുകൊടുക്കുവാൻ ഞങ്ങൾ ഒരുക്കമുണ്ട്. നിരക്കുകളും, അധികവിവരങ്ങളും, നേരിട്ടോ എഴുത്തുമൂലമോ ആവശ്യപ്പെട്ടാൽ അറിയിച്ചുകൊടുക്കുന്നതാണ്.

☞ വിവരങ്ങൾ അറിയിച്ചാൽ, വിജ്ഞാപനങ്ങളും മറ്റും നല്ല ഭാഷയിൽ എഴുതി അച്ചടിച്ചു കൊടുക്കുന്നതിനുപുറമേ സൌകര്യമുണ്ടാക്കുവാൻ ഞങ്ങൾ ശ്രമിക്കുന്നതാണ്.

നോർമ്മൻ പ്രിൻടിങ്ങ് ബ്യൂറോ,

കോർട്ട് റോഡ്, കോഴിക്കോട്

Printed by K. V. Achyuthan Nayar at the Norman Printing Bureau, Calicut,
and published by P. V. Kunhi Raman Nayar.
General Editor:—M. Ramunni Nayar, M.A. (Hons.)